2025
NOVEMBER
01
SATURDAY




www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621



## അപകടവും യുദ്ധവും തളർത്തി: 10,000 കോടി ആവശ്യപ്പെട്ട് എയർ ഇന്ത്യ

**ന്യൂഡൽഹി:** അഹമ്മദാബാദിലെ അപകടവും ഇന്ത്യ-പാക് സംഘർഷവും മൂലം പ്രതിസന്ധി നേരിട്ട എയർ ഇന്ത്യ 10,000 കോടി രൂപയുടെ സഹായം ആവശ്യപ്പെട്ടു. ഉടമകളായ ടാറ്റ സൺസ്, സിങ്കപ്പൂർ എയർലൈൻസ് എന്നിവരെയാണ് സമീപിച്ചത്. പാക്സ്താന്റെ വ്യോമപാതയിലെ നിയന്ത്രണങ്ങൾ മൂലം 4,000 കോടി രൂപയുടെ നഷ്ടമാണ് പ്രതീക്ഷിക്കുന്നതെന്ന് കമ്പനി പറയുന്നു. പ്രവർത്തന നഷ്ടം നികത്തുന്നതിനും എയർലൈൻ സംവിധാനവും സേവനവും മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി എൻജിനിയറിങ്, അറ്റകുറ്റപ്പണി വിഭാഗങ്ങൾ സ്ഥാപിക്കുന്നതിനും വേണ്ടിയാണ് തുക ആവശ്യപ്പെട്ടത്.

നിലവിലെ ഉടമകളായ ടാറ്റ സൺസിന് എയർ ഇന്ത്യയിൽ 74.9 ശതമാനം ഓഹരി വിഹിതമാണുള്ളത്. ബാക്കിയുള്ള ഓഹരികൾ സിങ്കപ്പൂർ എയർലൈൻസിന്റെ കൈവശമാണ്. ഓഹരി പങ്കാളിത്തത്തിന് ആനുപാതികമായി സാമ്പത്തിക സഹായം അനുവദിക്കണമെന്നാണ് ആവശ്യം. പലിശ രഹിത വായ്പയായോ ഓഹരി വിഹിതമായോ നൽകുന്നകാര്യത്തിൽ തീരുമാനം പിന്നീട് ഉണ്ടാകുമെന്നാണ് റിപ്പോർട്ടുകൾ.

അഹമ്മദാബാദിൽനിന്ന് ലണ്ടനിലേക്ക് പുറപ്പെട്ട ബോയിങ് 787 ഡ്രീംലൈനർ വിമാനം ടേക്ക് ഓഫിന് പിന്നാലെ തകർന്നുവീണത് കമ്പനിക്ക് കനത്ത ആഘാതമാണുണ്ടാക്കിയത്. കഴിഞ്ഞ ജൂൺ 12നായിരുന്നു അപകടം. 240ലേറെ പേരാണ് മരിച്ചത്. സംഭവത്തെ തുടർന്ന് ഡിജിസിഎ സമഗ്രമായ സുരക്ഷാ ഓഡിറ്റിന് ഉത്തരവിട്ടിരുന്നു.

ദുരന്തത്തെ തുടർന്ന് ജൂൺ മുതൽ ഓഗസ്റ്റ് വരെ ഈ വിഭാഗം പ്രത്യേക വിമാനങ്ങൾ ഉപയോഗിച്ചുള്ള അന്താരാഷ്ട്ര സർവീസുകൾ 15 ശതമാനം കുറയ്ക്കേണ്ടിവന്നിരുന്നു. കാര്യമായ സാമ്പത്തിക നഷ്ടം ഇതുമൂലമുണ്ടായി. ഇന്ത്യയും പാകിസ്താനും തമ്മിലുണ്ടായ സംഘർഷത്തെ തുടർന്ന് വ്യോമപാതയിൽ നിയന്ത്രണം ഏർപ്പെടുത്തിയത് പ്രവർത്തന ചെലവിൽ വൻ വർധനവുണ്ടാക്കിയെന്നും കമ്പനി പറയുന്നു.

അടുത്ത വർഷം മാർച്ചോടെ നഷ്ടംനികത്തി ലാഭത്തിലാക്കുകയെന്ന ലക്ഷ്യം കൈവരിക്കാൻ കഴിയാത്ത സ്ഥിതിയിലാണ് ഇപ്പോൾ. 64 ശതമാനത്തിലധികം വിപണി വിഹിതമുള്ള ഇന്റർഗ്ലോബ് ഏവിയേഷന്റെ ഇൻഡിഗോ മാത്രമാണ് രാജ്യത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന ഏക വിമാന കമ്പനി.




# സമ്പൂർണ ഡിജിറ്റൽ മറൈൻ ഫിഷറീസ് സെൻസസിന് തുടക്കം

**കൊച്ചി:** രാജ്യത്തെ മത്സ്യബന്ധന മേഖലയിലെ നിർണായക ചുവടുവെപ്പായി, സമ്പൂർണമായി ഡിജിറ്റലൈസ് ചെയ്ത ദേശീയ മറൈൻ ഫിഷറീസ് സെൻസസ് 2025ന്റെ ഭവനതല വിവരശേഖരണത്തിന് തുടക്കമായി. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന ചടങ്ങിൽ കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. മത്സ്യത്തൊഴിലാളി കുടുംബങ്ങളെയും മത്സ്യത്തൊഴിലാളികളെയും നാഷണൽ ഫിഷറീസ് ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ രജിസ്റ്റർ ചെയ്യേണ്ടത് അത്യാവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു. പ്രധാനമന്ത്രി മത്സ്യ കിസാൻ സമൃദ്ധി സഹയോജനയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഇത് നിർബന്ധമാണ്. പോർട്ടലിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ കേന്ദ്ര സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുകയുള്ളൂ. കോമൺ സർവീസ് സെന്ററുകൾ വഴി എളുപ്പത്തിൽ രജിസ്ട്രേഷൻ നടത്താമെന്നും മന്ത്രി പറഞ്ഞു.'സ്മാർട്ട് സെൻസസ്, സ്മാർട്ടർ ഫിഷറീസ്' എന്ന ലക്ഷ്യത്തോടെയാണ് ഈ സെൻസസ് നടപ്പിലാക്കുന്നത്. ഇന്ത്യയുടെ ചരിത്രത്തിൽ ആദ്യമായാണ് മത്സ്യബന്ധന സെൻസസ് പൂർണ്ണമായും ഡിജിറ്റൽ രൂപത്തിൽ നടത്തുന്നത്. ഇത് ഫിഷറീസ് ഭരണനിർവഹണത്തിൽ വലിയ മുതൽക്കൂട്ടാകും. തത്സമയ വിവരശേഖരണം ലോഞ്ചിംഗിനെ തുടർന്ന്, കേരളത്തിൽ നിന്നും മഹാരാഷ്ട്രയിൽ നിന്നുമുള്ള മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കുന്നത് തത്സമയം വേദിയിലെ സ്ക്രീനിൽ പ്രദർശിപ്പിച്ചു. ഡിജിറ്റൽ വിവരശേഖരണവും തത്സമയ വിദൂര നിരീക്ഷണവും എളുപ്പമാക്കുന്ന 'വ്യാസ് ഭാരത്' 'വ്യാസ് സൂത്ര' എന്നീ മൊബൈൽ ആപ്പുകൾ ഉപയോഗിച്ചാണ് ഭവനതല വിവരശേഖരണം നടത്തുന്നത്. നവംബർ 3 മുതൽ ഡിസംബർ 18 വരെ 45 ദിവസമാണ് രാജ്യവ്യാപകമായി വിവരശേഖരണം നടക്കുക. പരിശീലനം ലഭിച്ച ആയിരക്കണക്കിന് ഫീൽഡ് സ്റ്റാഫുകൾ ഈ ദൗത്യത്തിൽ പങ്കുചേരും. ഒൻപത് തീരദേശ സംസ്ഥാനങ്ങളിലെയും നാല് കേന്ദ്രഭരണ പ്രദേശങ്ങളിലെയും 4,000ത്തിലധികം മത്സ്യബന്ധന ഗ്രാമങ്ങളിലെ 1.2 ദശലക്ഷത്തിലധികം മത്സ്യത്തൊഴിലാളി കുടുംബങ്ങളെയാണ് സെൻസസിൽ ഉൾപ്പെടുത്തുക. പ്രധാനമന്ത്രി മത്സ്യ സമ്പദ യോജനയുടെ കീഴിൽ ഫിഷറീസ് മന്ത്രാലയമാണ് സെൻസസിന് ഏകോപനം നൽകുന്നത്. സിഎംഎഫ്ആർഐ ആണ് നോഡൽ ഏജൻസി, ഫിഷറി സർവേ ഓഫ് ഇന്ത്യ (എഫ് എസ് ഐ) പ്രവർത്തന പങ്കാളിയാണ്. ഇതാദ്യമായി, തത്സമയ വിവര ശേഖരണം, ജിയോറഫറൻസിംഗ്, തൽക്ഷണ പരിശോധന എന്നിവ പ്രാപ്തമാക്കുന്നതിനാണ് ഡിജിറ്റൽ ആപ്പുകൾ വികസിപ്പിച്ചത്. വിവരങ്ങളുടെ കൃത്യതയും സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കുന്നതിനൊപ്പം പരിശോധന സമയം കുറയ്ക്കാനുമാകും.സെൻസസ് സംരംഭം വിജയകരമാക്കാൻ എല്ലാ സംസ്ഥാന ഫിഷറീസ് വകുപ്പുകളും തദ്ദേശ സ്ഥാപനങ്ങളും സംഘടനകളും സഹകരിക്കണമെന്ന് കേന്ദ്രമന്ത്രി അഭ്യർത്ഥിച്ചു.മത്സ്യബന്ധന ബോട്ടുകളിൽ ട്രാൻസ്പോണ്ടറുകളും വലകളിൽ ആമ കുടുങ്ങാതിരിക്കാനുള്ള ടെഡുകളും സൗജന്യമായി സ്ഥാപിച്ചുവരികയാണ്. കടലിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ, നാവിഗേഷൻ, തത്സമയ ആശയവിനിമയം എന്നിവ വർദ്ധിപ്പിക്കാനാണ് ട്രാൻസ്പോണ്ടറുകൾ സ്ഥാപിക്കുന്നതെന്നും കേന്ദ്ര മന്ത്രി ജോർജ് കുര്യൻ പറഞ്ഞു. ഫിഷറീസ് മന്ത്രാലയം സാമ്പത്തിക ഉപദേഷ്ടാവ് ഡോ അജയ് ശ്രീവാസ്തവ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കേന്ദ്ര ഫിഷറീസ് സെക്രട്ടറി ഡോ. അഭിലാക്ഷ് ലിഖി, ജോയിന്റ് സെക്രട്ടറി നീതു കുമാരി പ്രസാദ്, ഐസിഎആർ അഡീഷണൽ ഡയറക്ടർ ജനറൽ ഡോ ശുഭ്ദീപ് ഘോഷ്, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. ഗ്രിൻസൺ ജോർജ്, സിഫ്റ്റ് ഡയറക്ടർ ഡോ ജോർജ് നൈനാൻ, എഫ്എസ്ഐ ഡയറക്ടർ ജനറൽ കെ ആർ ശ്രീനാഥ്, മറൈൻ സെൻസസ് പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ ഡോ ജെ ജയശങ്കർ, ഡോ സോമി കുര്യാക്കോസ്, ഡോ സി രാമചന്ദ്രൻ എന്നിവർ പ്രസംഗിച്ചു. ചടങ്ങിന് ശേഷം ദേശീയ ശിൽപശാലയും നടന്നു.


# ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ ദേശീയ കൺവെൻഷന് തുടക്കം

**കൊച്ചി:** വികസിത ഭാരതിന്റെ ഭാഗമായിരിക്കും നമ്മൾ ഓരോരുത്തരുമെന്ന സന്ദേശമാണ് കൊച്ചിയിൽ നടക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യയുടെ ദേശീയ കൺവെൻഷൻ സമൂഹത്തിന് നൽകേണ്ടതെന്ന് കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ പറഞ്ഞു. ബോൾഗാട്ടി ഹോട്ടൽ ഗ്രാന്റ് ഹയാത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യയുടെ 53ാമത് ദേശീയ കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.




വികസിത് ഭാരതിന് തന്റെ സംഭാവന എന്താണെന്ന് ചിന്തിക്കണം. രാജ്യത്തിന്റെ മാറ്റങ്ങളിൽ കാഴ്ചക്കാരനാവുകയല്ല ഭാഗമാവുകയാണ് വേണ്ടത്. സ്വാതന്ത്ര്യ സമരം വീടിന്റെ ജനലിലൂടെ നോക്കിക്കണ്ടു എന്നു പറഞ്ഞ പിതാവിനെ തിരുത്തി താങ്കൾ അതിന്റെ ഭാഗമാകണമായിരുന്നു എന്നു പറഞ്ഞ മകനെ പോലെയാകണമെന്നും ഗവർണർ പറഞ്ഞു. ന്യൂയോർക്കിലെ കോഫി ഷോപ്പിൽ പോലും ഇന്ത്യൻ രൂപ സ്വീകരിക്കുന്ന കാലമാണ് വികസിത് ഭാരതിലൂടെ സ്വപ്നം കാണുന്നത്. എപ്പോഴും സത്യത്തിന്റെയും ധർമത്തിന്റെയും പക്ഷം തിരിച്ചറിയാൻ കഴിയണമെന്നും ഗവർണർ പറഞ്ഞു.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യ




പ്രസിഡന്റ് ധനഞ്ജയ് ശുക്ല അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് പവൻ ജി ചന്ദക്, പ്രോഗ്രാം ഡയറക്ടർ സി. ദ്വാരകാ നാഥ് , സെക്രട്ടറി ആശിഷ് മോഹൻ എന്നിവർ പ്രസംഗിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പനി സെക്രട്ടറീസ് ഓഫ് ഇന്ത്യയുടെ വിവിധ പുരസ്കാരങ്ങൾ ഗവർണർ വിതരണം ചെയ്തു. എൻ കെ പ്രേമചന്ദ്രൻ എം.പി വിശിഷ്ടാതിഥിയായിരുന്നു. മൂന്ന് ദിവസങ്ങളിലായി നടക്കുന്ന സമ്മേളനത്തിൽ വിവിധ സെഷനുകളിലായി ടെക്നിക്കൽ, മോട്ടിവേഷണൽ, സ്പെഷ്യൽ ചർച്ചകളും സാംസ്ക്കാരിക പരിപാടികളും അരങ്ങേറും.

# ആലപ്പുഴയിലേക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 95.5 ശതമാനം വർദ്ധന

**ആലപ്പുഴ:** ജില്ലയിലെ വിനോദസഞ്ചാര സാധ്യതകൾ കൃത്യമായി ഉപയോഗപ്പെടുത്താനായി വിനോദസഞ്ചാരവകുപ്പ് ആവിഷ്കരിച്ച നിരവധി നവ ടൂറിസം പദ്ധതികളുടെ ഭാഗമായി വിദേശ സഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷത്തേക്കാൾ 95.5 ശതമാനത്തിന്റെ വർദ്ധനവുണ്ടായതായി ടൂറിസം, പൊതുമരാമത്ത് വകുപ്പ് മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. അരൂക്കുറ്റിയിലെ നവീകരിച്ച ബോട്ട് ടെർമിനലിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷത്തേക്കാൾ 27.8 ശതമാനം വർദ്ധനവാണ് ഉണ്ടായത്. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനോടൊപ്പം നിലവിലുള്ള വിനോദസഞ്ചാരകേന്ദ്രങ്ങൾ പൊതു, സ്വകാര്യ പങ്കാളിത്തത്തോടെ നവീകരിച്ച് പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുകയെന്ന കാഴ്ചപ്പാടോടെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഇതിന്റെ ഭാഗമായി വ്യത്യസ്തമായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

അരൂക്കുറ്റി ബോട്ട് ടെർമിനൽ അങ്കണത്തിൽ നടന്ന ചടങ്ങിൽ ദലീമ ജോജോ എംഎൽഎ അധ്യക്ഷയായി. നമ്മുടെ നാട് ഗംഭീര വളർച്ചയാണ് കഴിഞ്ഞ 10 വർഷത്തിനിടെ നേടിയതെന്ന് എംഎൽഎ പറഞ്ഞു. അരൂർ മണ്ഡലത്തിൽ 10 പാലങ്ങളാണ് സർക്കാർ അനുവദിച്ചത്. നിർമ്മാണം പൂർത്തിയായ വിളക്കുമരം പാലം നവംബർ ആറിന് ഉദ്ഘാടനം ചെയ്യും. പെരുമ്പളംപാലം ഡിസംബറിൽ നാടിന് സമർപ്പിക്കും. നേരെകടവ് മാക്കേക്കടവ് പാലത്തിന്റെ ഉദ്ഘാടനവും ഉടനുണ്ടാകുമെന്നും എംഎൽഎ പറഞ്ഞു.

കേരളത്തിലേക്ക് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും നിലവിലുള്ള ടൂറിസം കേന്ദ്രങ്ങൾ സ്വകാര്യ പങ്കാളിത്തത്തിലൂടെ നവീകരിച്ചു വരുന്നതിന്റെ ഭാഗമായാണ് അരൂക്കുറ്റി ഹൗസ്ബോട്ട് ടെർമിനൽ നവീകരിച്ച് വിഹാര ബൈ ദിവ്യ എന്ന പേരിൽ സ്വകാര്യ പങ്കാളിത്തത്തോടെയുള്ള സംരംഭം പ്രവർത്തനമാരംഭിച്ചത്. പ്രദേശവാസികൾക്കും സ്വദേശികളും വിദേശികളുമായ വിനോദ സഞ്ചാരികൾക്കും ഏറെ പ്രയോജനപ്പെടുന്ന വിധത്തിലാണ് 50 ലക്ഷം രൂപയോളം മുതൽ മുടക്കി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മനോഹര ശിൽപ്പങ്ങൾ, ഇരിപ്പിടങ്ങൾ, വൈദ്യുത അലങ്കാരങ്ങൾ, കുട്ടികൾക്കുള്ള കളിയുപകരണങ്ങൾ, ഭിന്നശേഷിക്കാർക്ക് പ്രത്യേക സൗകര്യം, റസ്റ്റോറന്റ്, കൾച്ചറൽ സെന്റർ എന്നിവയും ജെറ്റ് സ്കീ, കനോയിംഗ്, കയാക്കിംഗ്, സ്പീഡ് ബോട്ട് തുടങ്ങിയ വിവിധ വാട്ടർ സ്പോർട്സ് പ്രവർത്തനങ്ങളും ഇതിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ പുരവഞ്ചി, ശിക്കാര വള്ളം എന്നീ സർവീസുകളും പദ്ധതിയുടെ ഭാഗമായി ആരംഭിക്കും. ജില്ലയിലെ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതിക്ക് കീഴിൽ പഴയ ബോട്ട് ജെട്ടിയിൽ നാല് വർഷം മുമ്പ് ഏകദേശം 1.5 കോടി രൂപ ചെലവിൽ നിർമിച്ചതാണ് അരൂക്കുറ്റി ബോട്ട് ടെർമിനൽ.

ചടങ്ങിൽ തൈക്കാട്ടുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി ആർ രജിത, മുൻ എംപി എ എം ആരിഫ്, അരൂക്കുറ്റി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഷ്റഫ് വെള്ളേഴത്ത്, ബ്ലോക്ക് പഞ്ചായത്തംഗം പി എം പ്രമോദ്, പഞ്ചായത്തംഗം വിദ്യാരാജ്, ഡിടിപിസി ഡെപ്യൂട്ടി ഡയറക്ടർ ഡി വി പ്രഭാത്, ഡിടിപിസി സെക്രട്ടറി കെ ജി അജേഷ്, വിഹാര ബൈ ദിവ്യ സംരംഭ ഉടമ ദിവ്യ സൈജിത്ത് തുടങ്ങിയവർ പങ്കെടുത്തു.

# ഗ്രീൻ ലീഫ് റേറ്റിങ്ങിനും ഇക്കോസെൻസ് സ്കോളർഷിപ്പിനും തുടക്കമായി

**തിരുവനന്തപുരം:** പൊതുസ്വകാര്യ മേഖല സ്ഥാപനങ്ങളെയും, വിനോദസഞ്ചാര കേന്ദ്രങ്ങളെയും, പൊതുസ്ഥലങ്ങളെയും ശുചിത്വത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി ഗ്രേഡ് ചെയ്യാനുള്ള ഗ്രീൻ ലീഫ് റേറ്റിങ് സംവിധാനവും സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ശുചിത്വ അവബോധം വർദ്ധിപ്പിക്കുന്നതിലേക്കായി ഏർപ്പെടുത്തുന്ന ഇക്കോസെൻസ് സ്കോളർഷിപ്പും തദ്ദേശ സ്വയംഭരണ, എക്സൈസ്, പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എം. ബി. രാജേഷ് ബുധനാഴ്ച്ച തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു. ഏപ്രിലിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര വൃത്തി കോൺക്ലേവിനെ അടിസ്ഥാനപ്പെടുത്തി തയാറാക്കിയ പുസ്തകവും ചടങ്ങിൽ പ്രകാശിപ്പിച്ചു.

മാലിന്യ നിർമ്മാർജ്ജന രംഗത്ത് വലിയ പുരോഗതിയാണ് ഉണ്ടായിട്ടുള്ളതെങ്കിലും അതിനനുസരിച്ച് ജനങ്ങളുടെ മനോഭാവത്തിൽ ഇനിയും മാറ്റം ഉണ്ടാകേണ്ടതുണ്ടെന്ന് മന്ത്രി പറഞ്ഞു. ഹരിതകർമ്മ സേന കേരളത്തിൻറെ ശുചിത്വ സൈന്യമാണ്. ഒരു ലക്ഷത്തി അമ്പത്തിരണ്ടായിരം ടൺ മാലിന്യം ഒരു വർഷം കൊണ്ട് അവർ ശേഖരിച്ചു. സംസ്ഥാനത്ത് ബിന്നുകളുടെ എണ്ണത്തിലും ബോട്ടിൽ ബൂത്തുകളുടെ എണ്ണത്തിലും വലിയ വർധന ഉണ്ടായി. എന്നിട്ടും, മാലിന്യം കാണുന്നിടത്ത് വലിച്ചെറിയുന്ന ശീലം ഉപേക്ഷിക്കാൻ തയ്യാറാകാത്ത വലിയൊരു വിഭാഗം ഉണ്ടെന്ന് മന്ത്രി പറഞ്ഞു. പൊതുവിടങ്ങൾ വൃത്തിഹീനമാക്കുന്നവർക്കെതിരെ കൂടുതൽ കർക്കശ നടപടികൾ കൈക്കൊള്ളുമെന്നും മന്ത്രി അറിയിച്ചു. ഗ്രീൻ ലീഫ് റേറ്റിങ് വിവിധ സ്ഥാപനങ്ങൾക്കു നല്കുമ്പോൾ മികച്ച റേറ്റിങ് ഉള്ളവരുടെ സേവനങ്ങൾ ജനങ്ങൾ തെരഞ്ഞെടുക്കുമെന്നും ആയിതിനാൽ എല്ലാ സ്ഥാപനങ്ങളും റേറ്റിങ് സിസ്റ്റത്തിന്റെ ഭാഗമാകണമെന്നും മന്ത്രി അഭ്യർഥിച്ചു.

വിദ്യാർത്ഥി ഹരിതസേന സ്കോളർഷിപ്പിന്റെ ടൂൾ കിറ്റുകളും മന്ത്രി കുട്ടികൾക്ക് കൈമാറി. 6,7,8,9, പ്ലസ് വൺ ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി തദ്ദേശസ്വയംഭരണ വകുപ്പും പൊതു വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് വിദ്യാർത്ഥി ഹരിതസേന ഇക്കോസെൻസ് സ്കോളർഷിപ്പ്. 50,000 വിദ്യാർഥികൾക്ക് 1,500 രൂപയും പ്രശസ്തിപത്രവും ഇതിന്റെ ഭാഗമായി ലഭിക്കും.

ആന്റണി രാജു എം.എൽ.എ.യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, തദ്ദേശ സ്വയംഭരണ സ്പെഷ്യൽ സെക്രട്ടറി അനുപമ ടി. വി, പൊതുവിദ്യാഭ്യാസ സെക്രട്ടറി കെ. വാസുകി, പൊതുവിദ്യാഭ്യാസ ഡയറക്ടർ ജനറൽ എൻ. എസ്. കെ. ഉമേഷ്, ശുചിത്വ മിഷൻ എക്സിക്യൂട്ടിവ് ഡയറക്ടർ യു. വി. ജോസ്, കെ.എസ്.ആർ.ടി.സി. ചെയർമാൻ ആന്റ് മാനേജിങ് ഡയറക്ടർ ഡോ. പി. എസ്. പ്രമോജ് ശങ്കർ, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. റീന കെ.ജെ, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ഡോ. ജയപ്രകാശ് പി., മെഡിക്കൽ എഡ്യുക്കേഷൻ ഡയറക്ടർ വിശ്വനാഥൻ കെ. വി എന്നിവർ സംബന്ധിച്ചു.

# സംസ്ഥാനത്ത് നൈപുണ്യവികസന സാഹചര്യം ഉറപ്പാക്കും: ശിവൻകുട്ടി

**തിരുവനന്തപുരം:** നൈപുണ്യപരിശീലനവും ആജീവനാന്ത പഠനഅവസരങ്ങളും ലഭ്യമാക്കാൻ കഴിയുന്ന സാഹചര്യം സംസ്ഥാനത്ത് ഉറപ്പാക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. 2031 ആകുമ്പോഴേക്കും കേരളത്തിലെ 15നും 59 നും ഇടയിൽ പ്രായമുള്ള ഓരോവ്യക്തിക്കും ലിംഗഭേദം, സാമൂഹികസാമ്പത്തികസ്ഥിതി എന്നിവ പരിഗണിക്കാതെ ഗുണകരമാകും വിധമാണ് ഏർപ്പെടുത്തുകയെന്നും വ്യക്തമാക്കി.

വിഷൻ 2031 തൊഴിലും നൈപുണ്യവും വകുപ്പ് സംസ്ഥാനതല സെമിനാറിൽ ചർച്ചകൾ ക്രോഡീകരിച്ച് ഉപസംഹരിക്കുകയായിരുന്നു മന്ത്രി. കയർ, കൈത്തറി, കശുവണ്ടിമേഖലകളിൽ ആഭ്യന്തരകമ്പോളം വികസിപ്പിക്കാനുള്ള സാഹചര്യമൊരുക്കും. ആധുനിക സാങ്കേതികവിദ്യയുടെ സഹായം പ്രയോജനപ്പെടുത്തും. ഗിഗ് വർക്കേഴ്സ്, ആപ്പ് ബേസ്ഡ് ഡ്രൈവേഴ്സ്, ഡെലിവറി ജീവനക്കാർ തുടങ്ങിയ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ നടപടി സ്വീകരിക്കും. ഗിഗ് വർക്കേഴ്സിനായി പുതിയനിയമം കൊണ്ടുവരും. വഴിയോര കച്ചവടക്കാർ, ഗൃഹകേന്ദ്രീകൃതതൊഴിലാളികൾ എന്നിവരെ ആധുനിക സാങ്കേതികവിദ്യകളുമായി കൂട്ടിയിണക്കാൻ പദ്ധതി ആവിഷ്കരിക്കും.

എല്ലാ മേഖലയിലും സാമൂഹിക നീതി, സ്ത്രീസുരക്ഷ ഉറപ്പാക്കും. തൊഴിലിടങ്ങളിൽ സ്ത്രീകളുടെ അന്തസ് സംരക്ഷിക്കാനും സുരക്ഷിതമായി തൊഴിൽചെയ്യാനുമുള്ള അന്തരീക്ഷം ഉറപ്പാക്കുന്നത് തുടരും. കുടിയേറ്റ തൊഴിലാളികൾക്കായി പ്രത്യേകപദ്ധതി ആവിഷ്കരിക്കും. യുവ തൊഴിലാളികളുടെ തൊഴിൽവൈദഗ്ധ്യം വികസിപ്പിക്കാൻ സമഗ്രപദ്ധതി ആവിഷ്കരിക്കും.

തൊഴിലാളിക്ഷേമപദ്ധതികൾ, സഹകരണപ്രസ്ഥാനത്തിലൂടെയുള്ള പരമ്പരാഗത തൊഴിലാളി സംരക്ഷണം തുടങ്ങിയ വിഷയങ്ങളും പഠനവിധേയമാക്കും. ക്ഷേമപദ്ധതികൾ ശക്തിപ്പെടുത്താൻ നിയമഭേദഗതികളും പരിഗണനയിലാണ്. ദിവസവേതനക്കാരായ തൊഴിലാളികളുടെ സ്ഥിതി വിവരക്കണക്ക് തയ്യാറാക്കും.

# ആർദ്രകേരളം പുരസ്കാരം ഏറ്റുവാങ്ങി ഇടുക്കി ജില്ലാ പഞ്ചായത്ത്

**തിരുവനന്തപുരം:** സംസ്ഥാന ആർദ്രകേരളം പുരസ്കാരം ഏറ്റുവാങ്ങി ഇടുക്കി ജില്ലാ പഞ്ചായത്ത്. തിരുവനന്തപുരം ടാഗോർ തീയേറ്ററിൽ സംഘടിപ്പിച്ച പരിപാടിയിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പുരസ്കാരം ജില്ലാ പഞ്ചായത്തിന് സമ്മാനിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം. ബി രാജേഷ് പരിപാടിയിൽ അധ്യക്ഷത വഹിച്ചു.

ജില്ലയിലെ ആരോഗ്യമേഖലയിൽ നടപ്പാക്കിയ മികച്ച പ്രവർത്തനങ്ങൾക്കുള്ള അംഗീകരമായിട്ടാണ് ഇടുക്കി ജില്ലാ പഞ്ചായത്തിന് ഒന്നാം സ്ഥാനം ലഭിച്ചത്. പത്തുലക്ഷം രൂപയും ഫലകവുമാണ് പുരസ്കാരമായി പഞ്ചായത്തിന് ലഭിച്ചത്. 2024-25 വർഷത്തെ കായകല്പ അവാർഡിൽ മൂന്നാം സ്ഥാനം മുൻപ് ലഭിച്ചിരുന്നു.

തൊടുപുഴ ജില്ലാ ആശുപത്രി, മുട്ടം ആയുർവേദ ജില്ലാ ആശുപത്രി, മുട്ടം ഹോമിയോപ്പതി ജില്ലാ ആശുപത്രി, പാറേമാവ് ആയുർവേദ അനക്സ് ആശുപത്രി, എന്നിവിടങ്ങളിൽ നടത്തിയ മികച്ച പ്രവർത്തനങ്ങൾക്കാണ് ആർദ്രകേരളം പുരസ്കാരം ലഭിച്ചത്. 2023-24 സാമ്പത്തിക വർഷത്തിൽ ജില്ലാ പഞ്ചായത്ത് അലോപ്പതി മരുന്നുകൾക്ക് 1.71 കോടി രൂപ ചെലവഴിക്കുകയും കൂടാതെ ആയുർവേദം, ഹോമിയോ വകുപ്പുകൾക്കും ആരോഗ്യം അനുബന്ധ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരോഗ്യമേഖലയിൽ ചെലവഴിച്ച തുക, സാന്ത്വനപരിചരണ പരിപാടികൾ, കായകൽപ്പ് സ്കോർ, ഹെൽത്ത് ഗ്രാന്റ് വിനിയോഗം, ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾ, പ്രതിരോധ കുത്തിവെപ്പ്, വാർഡുതല പ്രവർത്തനങ്ങൾ, പ്രാദേശിക ആരോഗ്യആവശ്യങ്ങൾക്ക് അനുസൃതമായ നൂതന ഇടപെടലുകൾ, സാമൂഹിക ഘടകങ്ങളായ ശുചിത്വം, മാലിന്യ പരിപാലനം, പ്രാണി നിയന്ത്രണം, ജീവിത ശൈലി ക്രമീകരണത്തിനുള്ള ഭൗതികസാഹചര്യങ്ങൾ ഒരുക്കൽ, മോഡേൺ മെഡിസിൻ, ആയുർവേദ, ഹോമിയോ മേഖലകളിലുള്ള ദേശീയ സംസ്ഥാന ആരോഗ്യപദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പ് തുടങ്ങിയവയിലെ മികച്ച പ്രവർത്തനത്തിന് ലഭിച്ച അംഗീകാരമാണിത്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാരിച്ചൻ നീറണാകുന്നേൽ, വൈസ് പ്രസിഡന്റ് ഉഷാകുമാരി മോഹൻകുമാർ, ആരോഗ്യം വിദ്യാഭ്യാസം സ്ഥിരം സമിതി അധ്യക്ഷൻ കെ.ജി സത്യൻ, സ്ഥാപനമേധാവികൾ തുടങ്ങിയവർ പുരസ്കാരം ഏറ്റുവാങ്ങി. ജില്ലാതലത്തിൽ വിവിധ സ്ഥാനങ്ങൾ നേടിയ പഞ്ചായത്തുകളും പുരസ്കാരം ഏറ്റുവാങ്ങി.

# എ.ഐ. സ്മാർട്ട് എലിഫെൻസ് നിർമാണം ഉദ്ഘാടനം ചെയ്തു

**വണ്ണപ്പുറം:** ആധുനികവിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ മുള്ളരിങ്ങാട് റെയിഞ്ചിലെ സർക്കാർ എൻ.എൽ.പി. സ്കൂളിന് സമീപത്ത് സ്ഥാപിക്കുന്ന എ. ഐ സ്മാർട്ട് എലിഫെൻസിന്റെ നിർമാണ ഉദ്ഘാടനം വനംവന്യജീവി വകുപ്പ് മന്ത്രി എ.കെ. ശശീന്ദ്രൻ നിർവഹിച്ചു. വണ്ണപ്പുറം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. എ ബിജു അധ്യക്ഷത വഹിച്ചു. കൊച്ചിൻ ഷിപ്പ് യാർഡ് സി.എസ്.ആർ. മേധാവി പി.എൻ. സമ്പത്ത് കുമാർ മുഖ്യാതിഥിയായിരുന്നു. എ.പി.സി.സി.എഫ് പി. പുകഴേന്തി ആമുഖ പ്രഭാഷണം നിർവഹിച്ചു.

മനുഷ്യവന്യജീവി സംഘർഷ ലഘൂകരണത്തിന്റെ ഭാഗമായി കൊച്ചിൻ ഷിപ്പ് യാർഡ് ലിമിറ്റഡിന്റെ 40 ലക്ഷം രൂപ സി.എസ്.ആർ ധനസഹായത്തോടെയാണ് ഫെൻസിങ് നിർമ്മിക്കുന്നത്.

ത്രിതല പഞ്ചായത്ത് അംഗങ്ങളായ ഷൈനി റെജി, രവി കൊച്ചിടക്കുന്നേൽ,ജിജോ ജോസഫ്,ഹൈറേഞ്ച് സർക്കിൾ ചീഫ് കൺസർവേറ്റർ ഡി. കെ. വിനോദ് കുമാർ, തുടങ്ങി കക്ഷി രാഷ്ട്രീയ സാമൂഹ്യനേതാക്കൾ പങ്കെടുത്തു.

# കെൽട്രോണിൽ ഫീസ് ഇളവ്

**തിരുവനന്തപുരം:** കേരള സർക്കാർ സ്ഥാപനമായ കെൽട്രോണിന്റെ കോട്ടയം നോളേഡ്ജ് സെന്ററിൽ പോസ്റ്റ് ഡിപ്ലോമ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജിൻസ്, പോസ്റ്റ് ഡിപ്ലോമ ഇൻ എ.ആർ, വി.ആർ, എം.ആർ, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജിൻസ്, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജിൻസ്, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ എ.ആർ, വി.ആർ, എം.ആർ, ഡിപ്ലോമ ഇൻ ആർട്ടിഫിഷ്യൽ ഇന്റലിജിൻസ്, ഡിപ്ലോമ ഇൻ എ.ആർ, വി.ആർ, എം.ആർ, എന്നീ കോഴ്സുകൾക്ക് 10% ഇളവ് ലഭിക്കുന്നതാണ്.

രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നവർ നവംബർ 10 നു മുന്നേ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ആധാർ കാർഡ് എന്നിവയുടെ പകർപ്പുകൾ സഹിതം കോട്ടയം സെന്ററിൽ എത്തിച്ചേരണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 6282841772, 8590118698, 0481 2304031

സൊസൈറ്റി ടുഡേ
SOCIETY TODAY

# നാവിക സേന ദക്ഷിണ മേഖല മേധാവി: വൈസ് അഡ്മിറൽ സമീർ സക്സേന ചുമതലയേറ്റു



**കൊച്ചി:** നാവിക സേന ദക്ഷിണ മേഖലാ മേധാവിയായി വൈസ് അഡ്മിറൽ സമീർ സാക്സേന ചുമതലയേറ്റു. നാവികാസ്ഥാനത്തെ യുദ്ധസ്മാരകത്തിൽ ആദരാഞ്ജലി അർപ്പിച്ച ശേഷമായിരുന്നു ചുമതലയേൽക്കൽ. ദക്ഷിണ നാവികസേനാ ആസ്ഥാനത്ത് നടന്ന പരേഡിൽ വൈസ് അഡ്മിറൽ സമീർ സക്സേന അഭിവാദ്യം സ്വീകരിച്ചു. തുടർന്ന് ഓഫീസിലെത്തി ചുമതലയേറ്റെടുത്തു. സ്ഥാനമൊഴിഞ്ഞ വൈസ് അഡ്മിറൽ വി. ശ്രീനിവാസന് ചടങ്ങിൽ യാത്രയയപ്പ് നൽകി.

1989 ജൂലൈ ഒന്നിന് ഇന്ത്യൻ നാവികസേനയിൽ ചേർന്ന സമീർ സക്സേന നാഷണൽ ഡിഫൻസ് അക്കാഡമി, ഡിഫൻസ് സർവീസസ് സ്റ്റാഫ് കോളജ്, വെല്ലിംഗ്ടൺ, നേവൽ വാർ കോളജ് എന്നിവിടങ്ങളിലായാണ് പഠനം പൂർത്തിയാക്കിയത്. നാവിഗേഷൻ ആൻഡ് ഡയറക്ഷൻ വിദഗ്ധനായ സമീർ സക്സേന ഇന്ത്യൻ നാവിക കപ്പലുകളായ അജയ്, സുകന്യ, അക്ഷയ് എന്നിവയിൽ സേവനം അനുഷ്ഠിച്ചു. പിന്നീട് സ്പെഷ്യലിസ്റ്റ് ഓഫീസറായി എയർക്രാഫ്റ്റ് കരിയറിൽ ഡയറക്ഷൻ ടീമിൽ സേവനം ചെയ്തതോടൊപ്പം, കുത്താർ, ഗോദാവരി, ഡൽഹി എന്നിവയുടെ നാവിഗേറ്റിങ് ഓഫീസറായും ,മുംബൈയുടെ എക്സിക്യൂട്ടീവ് ഓഫീസറായും സേവനം ചെയ്തു. നാവികസേനാ മേധാവിയുടെ നാവിക സഹായിയായിരുന്നു അദ്ദേഹം ലണ്ടനിലെ ഇന്ത്യൻ ഹൈക്കമ്മീഷനിലും പ്രവർത്തിച്ചു. പിന്നീട് ഇന്ത്യൻ നാവികസേനയുടെ വെസ്റ്റേൺ ഫ്ളീറ്റിൽ കമാൻഡറായി. വൈസ് അഡ്മിറലായി സ്ഥാനക്കയറ്റം ലഭിച്ച അദ്ദേഹം കിഴക്കൻ നാവിക കമാൻഡിന്റെ ചീഫ് ഓഫ് സ്റ്റാഫ് ആയി ചുമതലയേറ്റു. അതിൽ മൗറീഷ്യൻ കോസ്റ്റ് ഗാർഡ് കപ്പലായ ഗാർഡിയൻ, ഇന്ത്യൻ നാവിക കപ്പലുകളായ കുലിഷ് , മൈസൂർ എന്നിവ ഉൾപ്പെടുന്നു. അടിസ്ഥാന സൗകര്യ വികസനം, സമൂഹനിർമ്മാണം, വിദ്യാഭ്യാസം എന്നീ മേഖലകളിലും, വിദേശ സഹകരണങ്ങളിലും സജീവമായി പ്രവർത്തിച്ചു. നാവു സേന മെഡൽ, അതി വിശിഷ്ട സേവാ മെഡലും കരസ്ഥമാക്കിയ സമീർ സാക്സേനയ്ക്ക് കടലിൽ നടത്തിയ ധീരപ്രവർത്തനങ്ങൾക്ക് നാവികസേനാ മേധാവിയുടെയും മൗറീഷ്യസ് പോലിസ് കമ്മീഷണറുടെയും പ്രശംസയും ലഭിച്ചിട്ടുണ്ട്.




# പ്രൈംവോളി ബോൾ: ടോർപ്പിഡോസിന്റെ കീരിടധാരണത്തിന് കരുത്തായത് മലയാളി താരങ്ങളും ടീമിന്റെ ഐക്യവും: ഡേവിഡ് ലീ

**ഹൈദരാബാദ്:** ആർ.ആർ കാബെൽ പ്രൈം വോളിബോൾ ലീഗിൽ കരുത്തരായ മുംബൈ മിറ്റിയോഴ്സിനെതിരെ ആധികാരിക ജയം നേടി ചാമ്പ്യൻമാരായ ബെംഗളൂരു ടോർപ്പിഡോസിന് കരുത്തായി മലയാളി താരങ്ങൾ. ഫൈനലിൽ നേരിട്ടുള്ള സെറ്റുകൾക്കായിരുന്നു സീസണിൽ ഒരൊറ്റ മത്സരം മാത്രം തോറ്റ ശക്തരായ മുംബൈക്കെതിരായ ബംഗളൂരിന്റെ വിജയം. 2023 ഫൈനലിൽ തോറ്റ ടീം ഇത്തവണ ചരിത്രജയമാണ് കുറിച്ചത്. ക്യാപ്റ്റൻ മാറ്റ് വെസ്റ്റിന്റെ സെമിഫൈനലിലെ അഭാവം ഉൾപ്പെടെ തങ്ങൾക്ക് മുന്നിൽ വന്ന എല്ലാ വെല്ലുവിളികളെയും മറികടന്നായിരുന്നു ടീമിന്റെ വിജയം. തിരിച്ചടികളുണ്ടായ സന്ദർഭത്തിലെല്ലാം സംയമനവും ഐക്യവും പ്രകടിപ്പിച്ചാണ് ടീം ഫൈനലിലേക്ക് മുന്നേറിയതും കിരീടത്തിൽ മുത്തമിട്ടതും. പല മത്സരങ്ങളിലും പിന്നിൽ നിന്ന് ശേഷമായിരുന്നു ടീമിന്റെ തിരിച്ചുവരവും ജയവുമെന്നതും ശ്രദ്ധേയമാണ്. 22കാരനായ ജോയൽ ബെഞ്ചമിൻ ആണ് ബംഗളൂരിന്റെ സീസണിലെ മികച്ച പ്രകടനക്കാരിലൊരാൾ. തന്റെ അരങ്ങേറ്റ സീസണിൽ തന്നെ ഏറ്റവും മൂല്യമേറിയ താരമായും, മികച്ച അറ്റാക്കറുമായും ജോയൽ തിരഞ്ഞെടുക്കപ്പെട്ടു. ടൂർണമെന്റിലുടനീളം ജോയലിന്റെ അറ്റാക്കിങ് പവറും സ്ഥിരതയും എതിർടീമിലെ പ്രതിരോധക്കാർക്ക് പേടിസ്വപ്നമായിരുന്നു. ചാമ്പ്യൻഷിപ്പിൽ ഏറ്റവും മികച്ച സെർവർക്കുള്ള പുരസ്കാരം നേടിയ ടി. ആർ സേതു, മിഡിൽ ബ്ലോക്കർമാരും മലയാളി താരങ്ങളുമായ എം.സി മുജീബ്, പി.വി ജിഷ്ണു, അമേരിക്കൻ അറ്റാക്കറായ ജാലെൻ പെന്റോസ്, സഹതാരവും ക്യാപ്റ്റനുമായ മാറ്റ് വെസ്റ്റ്, മലയാളി ലിബറോ ആയ ബി. മിഥുൻ കുമാർ തുടങ്ങിയവരും ടീമിന്റെ കിരീടനേട്ടത്തിൽ നിർണായക പങ്കുവഹിച്ചു. യൂണിവേഴ്സൽ ഐബിൻ ജോസ് ആയിരുന്നു ടീമിലെ മറ്റൊരു മലയാളി സാന്നിധ്യം. ഈ ടീം കുറച്ച് സീസണുകളായി കിരീടത്തിന്റെ വക്കിലെത്തി നിൽക്കുകയായിരുന്നു, ഒടുവിൽ, ഞങ്ങൾ ആ കടമ്പ കടന്നുവെന്ന് ബംഗളുരു ടോർപ്പിഡോസ് ഹെഡ് കോച്ചും, രണ്ട് തവണ ഒളിമ്പിക് മെഡൽ ജേതാവുമായ ഡേവിഡ് ലീ പറഞ്ഞു. ഒത്തൊരുമയായിരുന്നു ടീമിന്റെ കരുത്ത്. സെർവ്, പാസ് എന്നിവയ്ക്കൊപ്പം ആത്മാർഥത കൂടി ഉപയോഗിച്ചാണ് ഞങ്ങൾ എതിരാളികളെ മറികടന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികം ആഘോഷിച്ചു

**കൊച്ചി:** കേന്ദ്ര കായിക,യുവജനകാര്യ മന്ത്രാലയം, മേരാ ഭാരത് എറണാകുളം, ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല എന്നിവർ സംയുക്തമായി ഇന്ത്യയുടെ ആദ്യത്തെ ആഭ്യന്തര മന്ത്രിയായ സർദാർ വല്ലഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികാഘോഷം സംഘടിപ്പിച്ചു. രാഷ്ട്രീയ ഏകതാ ദിവസ് (ദേശീയ ഏകതാ ദിനം) ന്റെ ഭാഗമായി ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയുടെ എറണാകുളം വാരിയം റോഡിലെ പ്രജ്ഞാപ്രതിഷ്ഠാനിൽ സംഘടിപ്പിച്ച

ചടങ്ങ് കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ ഉദ്ഘാടനം ചെയ്തു. രാജ്യത്തിന്റെ സ്വാതന്ത്ര്യ സമരത്തിലും തുടർന്നും സർദാർ വല്ലഭായ് പട്ടേൽ മഹത്വരമാണെന്ന് കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു. കേരളത്തിലെ ജ്ഞാനപ്രവാഹത്തിൽ ആദി ശങ്കരന്റെയും, സ്വാമി ചിന്മയാനന്ദന്റെയും പങ്കാളിത്തത്തെക്കുറിച്ചും അദ്ദേഹം അനുസ്മരിച്ചു. തുടർന്ന് അദ്ദേഹം സർദാർ വല്ലഭായ് പട്ടേലിന്റെ ചിത്രത്തിൽ പുഷ്പാർച്ചന നടത്തി. ചിന്മയ വിശ്വിദ്യാപീഠം കൽപിത സർവകലാശാല ഡീൻ സ്റ്റുഡന്റ് അഫയേഴ്സ് ഡോ. സുനിത ചടങ്ങിൽ അധ്യക്ഷത വഹിച്ചു. ബി.ജെ.പി ജില്ലാ പ്രസിഡന്റ് അഡ്വക്കേറ്റ് കെ.എസ്. ഷിജു, ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാല അസ്സോസിയേറ്റ് പ്രൊഫസർ ഡോ. സതീഷ് വർമ്മ, മേരാ ഭാരത് എറണാകുളം ഡെപ്യൂട്ടി ഡയറക്ടർ വിവേക് ശശിധരൻ,സർവകലാശാല റജിസ്ട്രാർ ഡോ.പി.രാജേന്ദ്രൻ തുടങ്ങിയവർ സംസാരിച്ചു. തുടർന്ന് നടന്ന യൂണിറ്റി മാർച്ച് മന്ത്രി ജോർജ് കുര്യൻ ഫ്ളാഗ് ഓഫ് ചെയ്തു. സർവകലാശാലയിലെ മൂന്നൂറോളം വിദ്യാർഥികൾ മാർച്ചിൽ പങ്കെടുത്തു. ഇവർക്കുപുറമെ എൻസിസി, സിവിൽ ഡിഫൻസ് അംഗങ്ങളും പങ്കെടുത്തു. ചിന്മയ വിശ്വവിദ്യാപീഠം കൽപിത സർവകലാശാലയിൽ വളപ്പിൽ കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ വൃക്ഷത്തൈ നട്ടു.

# കൊച്ചി മെട്രോയിൽ ക്വിക്സ് പ്രവർത്തനം തുടങ്ങി

**കൊച്ചി:** ഇൻഫോപാർക്കിലെ സ്റ്റാർട് അപ് ബൻസാൻ സ്റ്റുഡിയോസ് വികസിപ്പിച്ചെടുത്ത സംവേദനാത്മക വിനോദത്തിന്റെ സാദ്ധ്യതകൾ തേടുന്ന മൈക്രോ ഗെയിമിംഗ് പ്ലാറ്റ്ഫോം ക്വിക്സ് നഗരത്തിലെ മെട്രോ യാത്രകൾ രസകരമാക്കാൻ പരീക്ഷണാടിസ്ഥാനത്തിൽ പ്രവർത്തനം തുടങ്ങി. ഇടപ്പള്ളി, മഹാരാജാസ് കോളേജ്, വൈറ്റില മെട്രോ സ്റ്റേഷനുകളിലാണ് ക്വിക്സിന്റെ എക്സ്ക്ലൂസീവ് പ്രിവ്യൂ ആരംഭിച്ചിരിക്കുന്നത്. ഈ സ്റ്റേഷനുകളിൽ സ്ഥാപിച്ചിരിക്കുന്ന ക്യൂആർ കോഡ് സ്കാൻ ചെയ്ത് ക്വിക്സ് വെബ് ആപ് വഴി ഫോണുകളിൽ ഹ്രസ്വവും രസകരവുമായ ഗെയിമുകൾ കളിക്കാനും ജനപ്രിയ പ്രാദേശിക ബ്രാൻഡുകളിൽ നിന്ന് തൽക്ഷണം റിവാർഡുകൾ നേടാനുമാണ് അവസരം. ഓരോ യാത്രയിലും, ഈ നഗരത്തിൽ തന്നെ റെഡീം ചെയ്യാവുന്ന പോയിന്റ്സും ഒപ്പം സമ്മാനങ്ങളും ആണ് മൈക്രോ ഗെയിമിംഗ് പ്ലാറ്റ്ഫോമായ ക്വിക്സ് വഴി മെട്രോ യാത്രക്കാരെ കാത്തിരിക്കുന്നതെന്ന് കൊച്ചി മെട്രോ അധികൃതർ വ്യക്തമാക്കി.

# കെ-ഡിസ്ക്കിൽ സബ്ജക്ട് എക്സ്പേർട്ട്സ്

**തിരുവനന്തപുരം:** കേരള ഡെവലപ്മെന്റ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) ന്റെ നേതൃത്വത്തിൽ നടത്തുന്ന യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാമിൽ വിവിധ വിഷയ മേഖലയിലെ വിദഗ്ധർക്കു സഹകരിക്കാൻ അവസരം. സ്കൂൾ, കോളേജ്, ഗവേഷണ തലത്തിൽ ഉള്ള 13 വയസിനും 35 വയസിനും മധ്യേ പ്രായമുള്ള വിദ്യാർത്ഥികൾക്ക് നൂതന ആശയങ്ങൾ പങ്കുവയ്ക്കാനും അത് പ്രാവർത്തികമാക്കാനും പ്രചോദനം നൽകുന്ന പരിപാടിയാണ് യങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം.

കൃഷി, മൃഗസംരക്ഷണം, മത്സ്യബന്ധനം, ക്ഷീരോൽപ്പാദനവും ഭക്ഷ്യസാങ്കേതികവിദ്യകളും, വയോജനങ്ങളുടെ പ്രശ്നങ്ങൾ, കുട്ടികളുടെ പ്രശ്നങ്ങൾ, ജലസംരക്ഷണവും കുടിവെള്ളവും, കാലാവസ്ഥ വ്യതിയാനം, ദുരന്ത നിവാരണം, പാരിസ്ഥിതിക ശാസ്ത്രം, ഡാറ്റാ സയൻസുകളും ഭാവി സാങ്കേതികവിദ്യകളും തുടങ്ങി 30 മേഖലകളിലാണ് വിഷയ വിദഗ്ധർക്കു സഹകരിക്കാൻ അവസരം. നിലവിൽ സർവീസിൽ ഉള്ളവർക്കും വിരമിച്ചവർക്കും yip.kerala.gov.in/evaluators ൽ രജിസ്റ്റർ ചെയ്യാം.

# പുതിയ ഗാഡ്ജറ്റുകളും ആധുനിക ജീവിതവും

**ഇ.വി ആവണി**

അതിവേഗം നീങ്ങുന്ന ഈ ലോകത്ത്, ഗാഡ്ജറ്റുകളും ഇലക്ട്രോണിക് ഉപകരണങ്ങളും ഒരു പ്രധാന പങ്ക് വഹിക്കുന്നതായി നമ്മുക്ക് കാണാം. ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഈ ലോകത്ത് എന്തും സാധ്യമായതിനാൽ, ദൈനംദിന ജീവിതത്തിൽ നാം വിവിധ ഗാഡ്ജറ്റുകളെ കാണുന്നു. അതിന്റെ ഫലമായി നമ്മൾ അവയെ മിക്കവാറും ആശ്രയിക്കുകയും ചെയ്യുന്നു.



### ഗാഡ്ജറ്റ് എന്നത് എന്ത്?

ഗാഡ്ജറ്റ് എന്നത് നമ്മുടെ ജീവിതം എളുപ്പമാക്കുന്ന ഇലക്ട്രോണിക് ഉപകരണങ്ങളാണ്. മൊബൈൽ ഫോണുകൾ, കമ്പ്യൂട്ടറുകൾ, ടാബ്ലെറ്റുകൾ, സ്മാർട്ട് വാച്ചുകൾ തുടങ്ങിയവ എല്ലാം ഗാഡ്ജറ്റുകളിലാണ് ഉൾപ്പെടുന്നത്. ഗാഡ്ജറ്റ് എന്ന പദം ആദ്യം ഒരു മെക്കാനിക്കൽ ഉപകരണത്തിന് വേണ്ടി ഉപയോഗിച്ചിരുന്നു. ഏകദേശം 18-ാം നൂറ്റാണ്ടിൽ ഗ്ലാസ് നിർമ്മാണത്തിനായി ഉപയോഗിച്ചിരുന്ന ഒരു ഉപകരണത്തിന്റെ പേരായിരുന്നു “ഗാഡ്ജറ്റ്”. 1850-കളിൽ ഒരു ഉപകരണത്തിന്റെ പേര് ഓർക്കാനാകാതെ വന്നപ്പോൾ ആ പദം ഇംഗ്ലീഷിൽ സാധാരണമായി ഉപയോഗിക്കപ്പെടാൻ തുടങ്ങി.

### പദത്തിന്റെ ഉത്ഭവവും ഉപയോഗവും

ഗാഡ്ജറ്റ് എന്നത് നാവികസേനയിൽ വർഷങ്ങളായി പ്രചാരത്തിലുള്ള പദമായിരുന്നു ഒരു ഉപകരണം അല്ലെങ്കിൽ സാമഗ്രിയുടെ യഥാർത്ഥ പേര് മറന്നാൽ ഈ പദം ഉപയോഗിക്കാറുണ്ട്. മോട്ടോർ സൈക്കിളുകളിൽ കാണുന്ന സ്പീഡോമീറ്റർ, മിറർ, ബാഡ്ജ് മുതലായ കൂട്ടിച്ചേർപ്പുകൾക്കും ഗാഡ്ജറ്റുകൾ എന്ന പദം ഉപയോഗിച്ചിരുന്നു. പിന്നീട് ഇത് സാധാരണയായി ഇലക്ട്രോണിക് ഉപകരണങ്ങൾ സൂചിപ്പിക്കാൻ ഉപയോഗിക്കപ്പെടുന്നു. ചിലപ്പോൾ ഇതിനെ “ഗിസ്മോ” എന്നും വിളിക്കുന്നു. ഇന്ന് ഈ പദം സ്മാർട്ട്ഫോൺ, ലാപ്ടോപ്പ്, ക്യാമറ, സ്മാർട്ട് വാച്ച്, അടുക്കള ഉപകരണങ്ങൾ തുടങ്ങിയവയെ സൂചിപ്പിക്കുന്നതിന് ഉപയോഗിക്കുന്നു.



### ഗാഡ്ജറ്റുകളുടെ ആവശ്യകതയും ഉപയോഗവും

ഉപകരണങ്ങളുടെ ലോകത്ത് ഇലക്ട്രോണിക് ഗാഡ്ജറ്റുകൾ പല തരത്തിലുണ്ട്. അവ ആളുകളുടെ ജീവിതം കൂടുതൽ പ്രാപ്യവും നൂതനവുമാക്കുന്നു. വിപണിയിൽ വിപുലമായ ഗാഡ്ജറ്റുകൾ ലഭ്യമാണ്, അവയിൽ മിക്കതും ഫലപ്രദവും ഉപയോഗപ്രദവുമാണ്. പുതിയ സാങ്കേതികവിദ്യകളുടെ സഹായത്തോടെ നമുക്ക് ഇപ്പോൾ വ്യത്യസ്ത തരം ഗാഡ്ജറ്റുകൾ ഉപയോഗിക്കാനാവുന്നു.

ദൈനംദിന ജീവിതത്തിലെ പല പ്രവർത്തനങ്ങളും ഗാഡ്ജറ്റുകളെ ആശ്രയിച്ചാണ് നടക്കുന്നത്. ലാപ്ടോപ്പുകൾ, സ്മാർട്ട്ഫോണുകൾ, മൈക്രോവേവ്, സ്മാർട്ട് വാച്ചുകൾ എന്നിവയാണ് ദൈനംദിന ജീവിതത്തിൽ നാം കൂടുതലായി ആശ്രയിക്കുന്ന ഗാഡ്ജറ്റുകൾ.

2025 ലെ പ്രധാന ഗാഡ്ജറ്റുകൾ.

ഓപ്പോ ഫൈൻഡ് X9, ഐക്യൂഒ നിയോ 11, വൺപ്ലസ് 15, റിയൽമി ജിടി 8 പ്രോ, ലാവ അഗ്നി 4, നത്തിംഗ് ഫോൺ 3എ ലൈറ്റ്, സാംസങ് ഗാലക്സി എഐ തുടങ്ങിയവയാണ് പുതിയ സ്മാർട്ട്ഫോണുകൾ. ലാപ്ടോപ്പുകളിലെയും പിസികളിലെയും പുതുമകളായി ആപ്പിൾ മാക്ബുക്ക് പ്രോ 14 യും ഡെൽ പ്രോ മാക്സും ഇറക്കീട്ടുണ്ട്. സ്മാർട്ട് ഹോം, ഓഡിയോ മേഖലകളിലായി ആമസോൺ എക്കോ, ഡൈസൺ പ്യൂരിഫയർ കൂൾ, സോണി WH-1000XM6 എന്നിവയും ശ്രദ്ധേയങ്ങളാണ്.

സോഫ്റ്റ്‌വെയർ രംഗത്ത് അഡോബ് മാക്സ് 2025, ജെമിനി 3, ഗൂഗിൾ പ്ലേ സ്റ്റോർ എന്നിവയാണ് പ്രധാനമായ അപ്ഡേറ്റുകൾ. നാവിഗേഷനായി ഗൂഗിൾ മാപ്പിൽ പുതിയ ബാറ്ററി സേവിംഗ് മോഡ് ഉൾപ്പെടുത്താനും സാധ്യതയുണ്ട്. പുതുതായി ഇറങ്ങിയ ഗാഡ്ജറ്റുകളിൽ, ആമസോൺ അവരുടെ അലക്സാ പ്ലസിനൊപ്പം പുതിയ എക്കോ ഉപകരണങ്ങളും അവതരിപ്പിച്ചു. ആപ്പിൾ എം5 ചിപ്പോടുകൂടിയ മാക്ബുക്ക് പ്രോ 14 നെയും അവതരിപ്പിച്ചു. ഇന്ത്യയിൽ ഐക്യൂ 11 സ്മാർട്ട്ഫോൺ പുറത്തിറങ്ങിയതോടൊപ്പം, സാംസങ് ഗാലക്സി എകസ് ആർ മോഡലും പുറത്തിറക്കി. കൂടാതെ സാംസങ് ഗാലക്സി 22 ഭാഷകളിലേക്ക് വിപുലീകരിച്ചിരിക്കുന്നു. അഡോബ് നവീകരിച്ച എഐ സവിശേഷതകളോടുകൂടിയ ക്രിയേറ്റീവ് സ്യൂട്ടും പുറത്തിറക്കി.

### ഗാഡ്ജറ്റുകളുടെ പ്രയോജനങ്ങൾ

ഗാഡ്ജറ്റുകൾ നമ്മുടെ ജോലികളെ എളുപ്പമാക്കുകയും സുഖകരമാക്കുകയും ചെയ്യുന്നു. മുൻകാലങ്ങളിൽ ഒരിടത്ത് ഇരുന്ന് മാത്രം സംസാരിക്കേണ്ട ടെലിഫോണുകൾ ഉണ്ടായിരുന്നതെങ്കിൽ, ഇന്ന് സ്മാർട്ട് ഫോണുകളുടെ സഹായത്തോടെ എവിടെയും സഞ്ചരിച്ചുകൊണ്ട് സംസാരിക്കാനാകും. അതുപോലെ, ഐപോഡ്, എം.പി3, പ്ലേസ്റ്റേഷൻ തുടങ്ങിയ ഗാഡ്ജറ്റുകൾ വിനോദത്തിനും ആശ്വാസത്തിനും ഉപയോഗിക്കപ്പെടുന്നു.

### ആരോഗ്യവും ഫിറ്റ്നസും ലക്ഷ്യമാക്കിയ ഗാഡ്ജറ്റുകൾ

ആരോഗ്യകാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പുലർത്തുന്നവരും ഇപ്പോൾ ആശ്രയിക്കുന്നത് ഗാഡ്ജറ്റുകളെയാണ്. സാങ്കേതികവിദ്യ അവർക്കു അത്യാവശ്യമായി മാറിക്കൊണ്ടിരിക്കുന്നു, പ്രത്യേകിച്ച് ആരോഗ്യം മെച്ചപ്പെടുത്താനും ഫിറ്റ്നസ് നിലനിർത്താനും താൽപര്യമുള്ളവർക്ക്. ഫിറ്റ്നസ് ട്രാക്കറുകൾ, ഉറക്കത്തിന്റെ ഗുണനിലവാരമളക്കുന്ന സംവിധാനങ്ങൾ, കലോറി ട്രാക്കിംഗ് തുടങ്ങിയവ ഉൾപ്പെടെ വിവിധ ആരോഗ്യ സൂചികകളെക്കുറിച്ചുള്ള ഡാറ്റയും വിവരങ്ങളും നൽകുന്നതിൽ ഗാഡ്ജറ്റുകൾ പ്രധാന പങ്ക് വഹിക്കുന്നു. 2025-ൽ ആരോഗ്യ മേഖലയിലെ ഗാഡ്ജറ്റുകളിൽ എ.ഐ. സാങ്കേതികവിദ്യയുടെ പ്രയോഗം, ആരോഗ്യം മുൻനിർത്തിയ ജീവിതശൈലി എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യം നൽകി വികസിച്ചുവരുന്നു. സ്മാർട്ട് വാച്ച്, കൺടിന്യൂയസ് ഗ്ലൂക്കോസ് മോണിറ്റർ, സ്മാർട്ട് റിങ്സ് എന്നിവയാണ് ഇതിന്റെ പ്രധാന ഉദാഹരണങ്ങൾ.

### അമിതമായ ഉപയോഗത്തിന്റെ ദോഷഫലങ്ങൾ

എന്നാൽ ഗാഡ്ജറ്റുകളുടെ അമിതമായ ഉപയോഗം ശരീരത്തെയും മനസ്സിനെയും ബാധിക്കുന്നു. പഠനങ്ങൾ പ്രകാരം, ആധുനിക ഗാഡ്ജറ്റുകൾ കൂടുതലായി ഉപയോഗിക്കുന്നത് കുട്ടികളാണ്. പ്രൈമറി സ്കൂളുകളിലെ വിദ്യാർത്ഥികൾ പ്രായം കൂടുന്തോറും ഇവയിൽ ആശ്രയം തേടുന്നു. ഇതിന്റെ ഫലമായി ശ്രദ്ധക്കുറവ്, പഠനത്തിലെ ബുദ്ധിമുട്ട്, ഉത്കണ്ഠ തുടങ്ങിയ പ്രശ്നങ്ങൾ ഉയരുന്നു. വിദ്യാർത്ഥികൾ ദിവസേന വിനോദത്തിനും സാമൂഹിക മാധ്യമങ്ങൾക്കുമായി ഗാഡ്ജറ്റുകൾ കൂടുതലായി ഉപയോഗിക്കുന്നതും നിരവധി ശാരീരിക, മാനസിക പ്രശ്നങ്ങൾക്ക് കാരണമാകുന്നതുമാണ്. അമിതമായി സ്രീനിൽ നോക്കുന്നതു കാരണം അത് നമ്മൾടെ കണ്ണുകളെ ബാധിക്കുകയും , ബുദ്ധിമുട്ടുകൾ ഉണ്ടാവുകയും, കണ്ണിനു ചുവപ്പ് നിറം വരുകയും കൂടാതെ അത് നമ്മൾടെ കാഴ്ച്ചയെ വരെ ബാധിക്കുകയും ചെയ്യുന്നു. ഗാഡ്ജ്സ്റ്റുകളുടെ ഉപയോഗം ഉറക്കമില്ലായിമയിക്കും കഴുത്ത് വേദനയ്ക്കും കാരണമാകുന്നു എന്ന് പഠനറിപ്പോർട്ടുകൾ പറയുന്നു. മാനസികമായ ആരോഗ്യ പ്രശ്നങ്ങൾക്കും ഇത് വഴിയൊരുക്കുന്നു. അമിതമായ ഉുയോഗം കാരണം ഉത്കണ്ഠയും വിഷാദവും വർദ്ധിക്കുകയും , അത് നമ്മളുടെ ശ്രദ്ധാശക്തിയെ കുറയ്ക്കുകയും ചെയ്യുന്നു. വേഗതയേറിയ ഡിജിറ്റൽ ലോകത്ത് വളരെ ദൈർഘ്യം കുറഞ്ഞ ഉള്ളടക്കം കണ്ടുവരുന്നതിനാൽ നമ്മളുടെ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള കഴിവിനെ ബാധിക്കുകയും ചെയ്യുന്നു. അത് ഓർമ്മകൾ രൂപപ്പെടുത്താനും നിലനിർത്താനുള്ള കഴിവിനെ ഇല്ലാതാക്കാം. ദേഷ്യവും , തീരുമാനമെടുക്കാനുള്ള ബുദ്ധിമുട്ടും , ലളിതമായ ജോലി പോലും ചെയ്യാൻ കഴിയാതെ വരുന്നതും, മറവിയും എന്നിവയെല്ലാം ഇതിന് കാരണമാകുന്നുവെന്ന് ആരോഗ്യവിദ്ധക്തർ ചൂണ്ടികാട്ടുന്നു. അതിനാൽ ഗാഡ്ജറ്റുകളുടെ ഉപയോഗം നിയന്ത്രണത്തിലാക്കുകയും അതിനായി സമയപരിധി നിശ്ചയിക്കുകയും ചെയ്യുന്നത് അനിവാര്യമാണ്. കൂടാതെ മാതാപിതാക്കൾ അവരുടെ കുട്ടികളുടെ ഗാഡ്ജെറ്റ് ഉപയോഗം നിയന്ത്രിക്കാനുള്ള ഏറ്റവും വലിയ ഉത്തരവാദിത്തവും ഏറ്റെടുക്കേണ്ടതാണ്.





# ക്ളൗഡ് ഐടി ഹാക്കത്തോണുമായി തോഷിബ

**കൊച്ചി:** തോഷിബ സോഫ്റ്റ്‌വെയർ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡുമായി ചേർന്ന് തോഷിബ ഡിജിറ്റൽ സൊല്യൂഷൻസ് കോർപ്പറേഷൻ 2026 ജനുവരി 31 മുതൽ ഫെബ്രുവരി ഒന്നു വരെ ബംഗളൂരുവിൽ രണ്ട് ദിവസത്തെ ആദ്യ ഗ്രിഡ് ഡിബി ക്ലൗഡ് ഐടി ഹാക്കത്തോൺ പരിപാടി സംഘടിപ്പിക്കുന്നു. മൈക്രോസോഫ്റ്റ് അഷർ മാർക്കറ്റ്പ്ലേസിൽ ലഭ്യമായ തോഷിബയുടെ പൂർണ്ണ നിയന്ത്രണത്തിലുള്ള ടൈം സീരീസ് ഡാറ്റാബേസായ ഗ്രിഡ് ഡിബി ക്ലൗഡ് ഉപയോഗിച്ച് തത്സമയ ഐടി ആപ്ലിക്കേഷനുകൾ വികസിപ്പിക്കുന്ന ചലഞ്ചിലേക്ക് സ്റ്റാർട്ടപ്പുകൾ, വിദ്യാർത്ഥികൾ, ഡെവലപ്പർമാർ എന്നിവരെയാണ് ക്ഷണിക്കുന്നത്. ഈ വർഷം ഏപ്രിൽ മാസത്തിൽ ലോകമെമ്പാടും ലഭ്യമായ ഗ്രിഡ് ഡിബി ക്ലൗഡിന്റെ പ്രാധാന്യങ്ങൾ പ്രചാരം നൽകാനായാണ് തോഷിബ ഹാക്കത്തോൺ സംഘടിപ്പിക്കുന്നത്. ഡിജിറ്റൽ പരിവർത്തനത്തിനുള്ള ഒരു പ്രധാന ഡാറ്റ ഇൻഫ്രാസ്ട്രക്ചറായി ഗ്രിഡ് ഡിബി ക്ലൗഡ് പ്രവർത്തിക്കുന്നു. ഇത് വലിയ അളവിൽ ഡാറ്റ ശേഖരിക്കാനും വിശകലനം ചെയ്യാനും, വിലപ്പെട്ട സ്ഥിതിവിവരക്കണക്കുകൾ കണ്ടെത്താനും, പുതിയ ബിസിനസ് സംരംഭങ്ങളെ നയിക്കാനും സ്ഥാപനങ്ങളെ സഹായിക്കുന്നു. സ്മാർട്ട് മാനുഫാക്ചറിംഗ്, ഊർജ്ജം, മൊബിലിറ്റി, ആരോഗ്യ സംരക്ഷണം തുടങ്ങിയ വൈവിധ്യമാർന്ന മേഖലകളിലെ വെല്ലുവിളികളെ പരിഹരിക്കുന്ന ഐടി പരിഹാരങ്ങൾ വികസിപ്പിക്കാനും പ്രോട്ടോടൈപ്പ് നിർമ്മിക്കാനും ഹാക്കത്തോണിൽ പങ്കെടുക്കുന്നവർക്ക് അവസരം ലഭിക്കും. ഓൺലൈനിലൂടെ മികച്ച അഞ്ച് ടീമുകളെ ഫൈനലിസ്റ്റുകളായി തിരഞ്ഞെടുക്കും. തിരഞ്ഞെടുക്കപ്പെട്ടു കഴിഞ്ഞാൽ, ഓൺസൈറ്റ് ഇവൻറിൽ ഗ്രിഡ് ഡിബി എഞ്ചിനീയർമാരിൽ നിന്ന് നേരിട്ടുള്ള സാങ്കേതിക പിന്തുണയും മെൻറർഷിപ്പും അവർക്ക് ലഭിക്കും, ഇത് ടൈംസീരീസ് ഡാറ്റ മാനേജ്മെൻറിലും ക്ലൗഡ് നേറ്റീവ് ഡെവലപ്മെന്റിലും വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കാൻ അവരെ സഹായിക്കും. ഫൈനലിലെത്തുന്നവർ അവരുടെ ആശയങ്ങളുടെ തെളിവുകൾ വിധികർത്താക്കളുടെ ഒരു പാനലിന് മുമ്പാകെ അവതരിപ്പിക്കും. കൂടാതെ മികച്ച പ്രൊജക്ടുകൾക്ക് അധിക പിന്തുണയ്ക്കും അംഗീകാരത്തിനും അർഹതയുണ്ടാകും.

# വിരമിക്കാനുള്ള മുന്നൊരുക്കങ്ങൾ മെച്ചപ്പെടുന്നുവെന്ന് പഠനം

**കൊച്ചി:** ഇന്ത്യയിൽ തൊഴിലിൽ നിന്നും വിരമിക്കാനുള്ള മുന്നൊരുക്കങ്ങൾ കൂടുതൽ മെച്ചപ്പെടുന്നുവെന്ന് പഠനം. 2022ൽ 44 ആയിരുന്ന രാജ്യത്തിന്റെ വിരമിക്കൽ സൂചിക സ്കോർ 2025ൽ 48 ആയി ഉയർന്നുവെന്ന് കാന്താറുമായി സഹകരിച്ച് ആക്സിസ് മാക്സ് ലൈഫ് ഇൻഷുറൻസ് നടത്തിയ ഇന്ത്യ റിട്ടയർമെന്റ് ഇൻഡക്സ് സ്റ്റഡിയുടെ അഞ്ചാം പതിപ്പ് ചൂണ്ടിക്കാട്ടുന്നു. വിരമിക്കുമ്പോഴേക്കും വേണ്ട സമ്പാദ്യത്തെ കുറിച്ചുള്ള ചിന്ത തൊഴിൽ തുടക്കകാലത്ത് തന്നെ ആരംഭിക്കണമെന്ന അവബോധമാണ് ഈ പഠനം എടുത്തുകാണിക്കുന്നത്. ആരോഗ്യ പരിശോധനകൾ, ഫിറ്റ്നസിന് പ്രാധാന്യം നൽകുന്ന ദിനചര്യകൾ എന്നിവയ്ക്ക് പുറമെ ആരോഗ്യ ഇൻഷുറൻസ് ഉടമസ്ഥതയും 50% ആയി വർദ്ധിച്ചിട്ടുണ്ട്.

എന്നിരുന്നാലും, സാമ്പത്തിക സ്വയംപര്യാപ്തത ആശങ്കയായി തുടരുന്നുവെന്നും പഠനം സൂചിപ്പിക്കുന്നു. പ്രതികരിച്ചവരിൽ 63% പേരും അവരുടെ സമ്പാദ്യം വിരമിക്കലിനുശേഷം പത്ത് വർഷത്തിൽ താഴെ മാത്രമേ നിലനിൽക്കൂ എന്ന് കരുതുന്നു എന്നാണ്. പ്രതികരിച്ചവരിൽ 43% പേർ 35 വയസ്സിന് മുമ്പ് തന്നെ വിരമിക്കൽ സമ്പാദ്യത്തിന്റെ കാര്യത്തിൽ ആസൂത്രണം ആരംഭിക്കണമെന്ന് പറയുന്നുണ്ടെങ്കിലും 37% പേർ മാത്രമേ ലക്ഷ്യം വെച്ച മൂലധനത്തിന്റെ നാലിലൊന്ന് പോലും നേടിയിട്ടുള്ളൂ. 71% പേരും വിരമിക്കലിനു ശേഷമുള്ള ഏകാന്തതയെ ഭയപ്പെടുന്നു. 72% പേരാകട്ടെ, വിരമിച്ചുകഴിഞ്ഞാൽ കുടുംബത്തെ സാമ്പത്തികമായി ആശ്രയിക്കേണ്ടിവരുമെന്ന് കരുതുന്നു.

വിരമിക്കാനുള്ള മുന്നൊരുക്കങ്ങളുടെ കാര്യത്തിൽ സ്ത്രീകളാണ് നേരിയ മുൻതൂക്കം കാണിക്കുന്നത്. ഇന്ത്യയിലെ 28 നഗരങ്ങളിലായി 2,242 പേരെ ഉൾപ്പെടുത്തിയാണ് പഠനം നടത്തിയത്. ഗിഗ് വർക്കർമാർ, മടങ്ങി വരുന്ന കുടിയേറ്റ തൊഴിലാളികൾ തുടങ്ങിയ വിഭാഗങ്ങളെ കൂടി ഉൾപ്പെടുത്തിയാണ് പുതിയ പഠനം.

# മണപ്പുറം ഫിനാൻസിന്റെ സ്വർണ്ണ വായ്പയിൽ 30 ശതമാനം വളർച്ച

**കൊച്ചി:** മണപ്പുറം ഫിനാൻസിന്റെ സ്വർണ്ണ വായ്പ ആസ്തി മുൻ വർഷത്തെയപേക്ഷിച്ച് 29.31 ശതമാനം വളർന്ന് 31,505 കോടി രൂപയായി. നടപ്പു സാമ്പത്തിക വർഷം രണ്ടാം പാദത്തിലെ നികുതിക്കു ശേഷമുള്ള ലാഭം 217 കോടി രൂപയാണ്. കഴിഞ്ഞ പാദത്തിൽ ഇത് 132 കോടി രൂപയായിരുന്നു. മുൻ പാദത്തേക്കാൾ 64 ശതമാനം വളർച്ചയാണ് രേഖപ്പെടുത്തിയത്. കമ്പനിയുടെ സ്വർണ്ണ വായ്പ ആസ്തി മുൻ വർഷത്തെയപേക്ഷിച്ച് 29.31 ശതമാനം വളർന്ന് 31,505 കോടി രൂപയായി ഉയർന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഇതേ കാലയളവിൽ കൈവശമുള്ള ആസ്തി 24,365 കോടി രൂപയുടേതായിരുന്നു. മുൻ പാദത്തിലെ ആസ്തിയായ 28,802 കോടിയേക്കാൾ 10 ശതമാനം കൂടുതലാണിത്. ഗ്രൂപ്പ് മൊത്തത്തിൽ കൈകാര്യം ചെയ്യുന്ന ആസ്തി 45,789 കോടി രൂപയായി ഉയർന്നു. മുൻ പാദത്തിൽ ഇത് 44,304 കോടി രൂപയായിരുന്നു.

മണപ്പുറം ഫിനാൻസിന്റെ കൈവശമുള്ള സ്വർണ്ണം ഒന്നാം പാദത്തിലെ 54.62 ടണ്ണിൽ നിന്ന് 54.71 ടണ്ണായി വർധിച്ചിട്ടുണ്ട്. രാജ്യത്തിന്റെ നാനഭാഗങ്ങളിലായി കമ്പനിക്ക് 5,351 ശാഖകളുണ്ട്. കമ്പനിയുടെ മൊത്തം കിട്ടാക്കടം 2.97 ശതമാനമാണെന്നത് ആസ്തിയുടെ ഗുണ നിലവാരം സൂചിപ്പിക്കുന്നു. നടപ്പു സാമ്പത്തിക വർഷം രണ്ടാം പാദത്തിലെ കിട്ടാക്കടം 2.56 ശതമാനം മാത്രമാണ്. കഴിഞ്ഞ വർഷത്തെ മെച്ചപ്പെട്ട വരുമാന വളർച്ചയുടെ തുടർച്ചയായി 2026 സാമ്പത്തിക വർഷം മുതൽ വളർച്ച ശക്തിപ്പെടുത്തുകയായിരുന്നു കമ്പനിയുടെ ലക്ഷ്യം. ഇതിന്റെ വിജയമാണ് രണ്ടാം പാദ ഫലങ്ങൾ വ്യക്തമാക്കുന്നതെന്ന് ചെയർമാനും എംഡിയുമായ വി പി നന്ദകുമാർ പറഞ്ഞു.

# നവംബർ ഒന്നു മുതൽ ഓഫറുകളുമായി സപ്ലൈകോ

**കൊച്ചി:** നവംബർ ഒന്നു മുതൽ ഉപഭോക്താക്കൾക്ക് ഓഫറുകളുമായി സപ്ലൈകോ. സ്ത്രീ ഉപഭോക്താക്കൾക്ക് സബ്സിഡിയിതര ഉൽപ്പന്നങ്ങൾക്ക് 10% വരെ അധിക വിലക്കുറവ് നൽകും. നിലവിൽ സപ്ലൈകോയിൽ ലഭിക്കുന്ന വിലക്കുറവിന് പുറമേ ആണിത്. നവംബർ ഒന്നു മുതൽ എല്ലാം നിയോജകമണ്ഡലങ്ങളിലും എത്തുന്ന വിധത്തിൽ സഞ്ചരിക്കുന്ന സപ്ലൈകോ സൂപ്പർമാർക്കറ്റുകളും ഒരുക്കിയിട്ടുണ്ട്. സബ്സിഡി സാധനങ്ങളും ബ്രാൻഡഡ് നിത്യോപയോഗ സാധനങ്ങളും സഞ്ചരിക്കുന്ന സൂപ്പർമാർക്കറ്റുകളിൽ ലഭ്യമാകും. ആയിരം രൂപയ്ക്ക് മുകളിൽ സബ്സിഡിയിതര സാധനങ്ങൾ വാങ്ങുന്ന എല്ലാ ഉപഭോക്താക്കൾക്കും ഒരു കിലോ പഞ്ചസാര അഞ്ച് രൂപയ്ക്ക് നൽകും. ശബരി അപ്പം പൊടിയും പുട്ടുപൊടിയും 50% വിലക്കുറവിൽ നൽകും. കിലോക്ക് 88 രൂപ വിലയുള്ള ഈ ഉൽപ്പന്നം നവംബർ ഒന്നു മുതൽ 44 രൂപയ്ക്ക് സപ്ലൈകോ വിൽപ്പനശാലകളിൽ ലഭിക്കും. വൈകിട്ട് അഞ്ചുമണിക്ക് മുമ്പ് വാങ്ങുന്ന തെരഞ്ഞെടുക്കപ്പെട്ട ബ്രാൻഡഡ് നിത്യോപയോഗ ഉത്പന്നങ്ങൾക്ക് 5% അധിക വിലക്കുറവും പ്രഖ്യാപിച്ചിട്ടുണ്ട്.

500 രൂപയ്ക്ക് സബ്സിഡിയിതര സാധനങ്ങൾ വാങ്ങുന്ന ഉപഭോക്താക്കൾക്ക് 250 ഗ്രാമിന്റെ ശബരി ഗോൾഡ് തേയില വിലക്കുറവിൽ നൽകും. 105 രൂപ വിലയുള്ള ശബരി ഗോൾഡ് തേയില 61.50 രൂപയ്ക്കാണ് നൽകുക. 500 രൂപയ്ക്ക് മുകളിലുള്ള ബില്ലുകളിൻമേൽ സപ്ലൈകോ വിൽപ്പനശാലകളിൽ യുപിഐ മുഖേന പണം അടക്കുകയാണെങ്കിൽ അഞ്ചു രൂപ വിലക്കുറവും നൽകും. സപ്ലൈകോയുടെ 50 വർഷ ആഘോഷങ്ങളുടെ ഭാഗമായാണ് ഉപഭോക്താക്കൾക്ക് വിലക്കുറവും ഓഫറുകളും നൽകുന്നത്. നവംബർ ഒന്നു മുതൽ 50 ദിവസത്തേക്കാണ് ഈ പദ്ധതികൾ നടപ്പാക്കുക.

# ബില്യൺബ്രെയിൻസ് ഗാരേജ് വെഞ്ച്വേഴ്സ് ലിമിറ്റഡ് (ഗ്രോ) ഐപിഒ 4 മുതൽ

**കൊച്ചി:** ബില്യൺബ്രെയിൻസ് ഗാരേജ് വെഞ്ചേഴ്സ് ലിമിറ്റഡിൻറെ (ഗ്രോ) പ്രാഥമിക ഓഹരി വിൽപന (ഐപിഒ) നവംബർ നാല് മുതൽ ഏഴ് വരെ നടക്കും. 1060 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും 557,230,051 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ട് രൂപ മുഖവിലയുള്ള ഓഹരി ഒന്നിന് 95 മുതൽ 100 രൂപവരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്. കുറഞ്ഞത് 150 ഇക്വിറ്റി ഓഹരികൾക്കും തുടർന്ന് 150ൻറെ ഗുണിതങ്ങൾക്കും അപേക്ഷിക്കാം. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, ജെ.പി. മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, സിറ്റിഗ്രൂപ്പ് ഗ്ലോബൽ മാർക്കറ്റ്സ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, മോത്തിലാൽ ഓസ്വാൾ ഇൻവെസ്റ്റ്മെൻറ് അഡ്വൈസേഴ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# റോഡ് സുരക്ഷാ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു

**കണ്ണൂർ:** ഹോണ്ട മോട്ടോർസൈക്കിൾ ആന്റ് സ്കൂട്ടർ ഇന്ത്യ രാജ്യവ്യാപകമായി നടത്തുന്ന റോഡ് സുരക്ഷാ ബോധവത്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി കണ്ണൂരിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. ഇന്ത്യയിലെ യുവതലമുറയിൽ ഉത്തരവാദിത്വമുള്ള റോഡ് പെരുമാറ്റം വളർത്തുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആർമി പബ്ലിക് സ്കൂളിന്റെയും ഡിഐഎസ് ഹയർ സെക്കൻഡറി സ്കൂളിന്റെയും 2500 ലധികം വിദ്യാർത്ഥികളെ ഉൾപ്പെടുത്തി, ഭാവിയിലെ ഉത്തരവാദിത്വമുള്ള റോഡ് ഉപയോക്താക്കളെ രൂപപ്പെടുത്തുന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം.

# ഷെർലക്ക് 3സിജി പ്ലസ് ഇന്ത്യയിൽ അവതരിപ്പിച്ചു

**കൊച്ചി :** ബിഡി (ബെക്ടൺ, ഡിക്കിൻസൺ ആൻഡ് കമ്പനി) ഇന്ത്യ ഡൽഹി, മുംബൈ, ചെന്നൈ, കൊൽക്കത്ത എന്നീ നാല് നഗരങ്ങളിൽ നടത്തിയ റോഡ്ഷോയിലൂടെ ഷെർലോക്ക് 3സിജി പ്ലസിന്റെ ദേശീയതലത്തിലുള്ള ലോഞ്ച് പ്രഖ്യാപിച്ചു. നിലവിലെ ഇന്ത്യൻ ക്ലിനിക്കൽ രീതി അനുസരിച്ച്, അർബുദ രോഗികൾക്കും ദീർഘകാല ഐവി ആക്സസ് ആവശ്യമുള്ളവർക്കും പിഐസിസി ലൈനിന്റെ അഗ്രഭാഗം ശരിയായ സ്ഥാനത്താണോ എന്ന് സ്ഥിരീകരിക്കുന്നതിന് രോഗികളെ റേഡിയോളജിക്കൽ ഇമേജിംഗിനായി മാറ്റേണ്ടതുണ്ട്. ഇത് പലപ്പോഴും കാലതാമസം, പ്രവർത്തനങ്ങളിലെ തടസ്സങ്ങൾ, രോഗികൾക്ക് അസ്വസ്ഥത എന്നിവയ്ക്ക് കാരണമാകാറുണ്ട്. ഈ വെല്ലുവിളികളെ അഭിമുഖീകരിക്കുന്ന ഷെർലക്ക് 3സിജി പ്ലസ്, പിഐസിസി ലൈനുകൾ തത്സമയം ട്രാക്ക് ചെയ്യാനും രോഗിയുടെ കിടക്കയ്ക്കരികിൽ വെച്ചുതന്നെ അഗ്രഭാഗത്തിന്റെ സ്ഥാനം സ്ഥിരീകരിക്കാനും ഡോക്ടർമാരെ സഹായിക്കുന്നതാണെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.




# ജിയോബിപി മൊബിലിറ്റി ഹബ്ബ് തുറന്നു

**കൊച്ചി:** ബംഗളൂരുവിലെ ദേവനഹള്ളിയിൽ റീട്ടെയിൽ ഔട്ട്‌ലെറ്റിൽ 28ഇവി ചാർജിംഗ് പോയിന്റുകളുമായി ഇന്ത്യയിലെ ആദ്യത്തെയും ഏറ്റവും വലിയതുമായ സംയോജിത മൊബിലിറ്റി ഹബ്ബ് ലോഞ്ച് ചെയ്തതായി ജിയോബിപി. രാജ്യത്തെ ക്ലീനും സ്മാർട്ടുമായ മൊബിലിറ്റിയിലേക്കുള്ള പരിവർത്തനത്തിലെ പ്രധാന നാഴികക്കല്ലാണിതെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. പെട്രോൾ, ഡീസൽ, സിഎൻജി എന്നിവ നൽകുന്ന മൾട്ടിഫ്യൂവൽ റീട്ടെയിൽ സൈറ്റാണ് ദേവനഹള്ളി ഔട്ട്‌ലെറ്റ്. അതോടൊപ്പം വൈൽഡ്ബീൻ കഫേയും അതിൽ 360 കിലോവാട്ട് വരെ നൽകുന്ന ഒരു അത്യാധുനിക ഇവി ചാർജിംഗ് ഹബ്ബ് കൂടി ഉണ്ടാകുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

സൊസൈറ്റി ടുഡേ
SOCIETY TODAY



# ക്യാൻസർ ഷീൽഡ് പദ്ധതിയ്ക്ക് തുടക്കം കുറിച്ച് വിഗാർഡ്

## വനിതാ പൊലീസ് ഉദ്യോഗസ്ഥർക്ക് സൗജന്യ ക്യാൻസർ സ്ക്രീനിംഗ്

**കൊച്ചി:** വനിതാ പോലീസ് ഉദ്യോഗസ്ഥർക്കും കുടുംബാംഗങ്ങൾക്കുമായി വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് നടപ്പാക്കുന്ന സൗജന്യ ക്യാൻസർ സ്ക്രീനിംഗ് പദ്ധതി 'ക്യാൻസർ ഷീൽഡി'ന് തുടക്കമായി. വനിതാ പൊലീസ് ജീവനക്കാർക്കും, പൊലീസ് ഉദ്യോഗസ്ഥരുടെ കുടുംബാംഗങ്ങൾക്കുമാണ് പദ്ധതി നടപ്പിലാക്കുന്നത്. സ്തനാർബുദ ബോധവൽക്കരണ മാസത്തോടനുബന്ധിച്ച് കേരള പൊലീസ് അസോസിയേഷൻ, രാജഗിരി ആശുപത്രി എന്നിവരുമായി ചേർന്ന് നടപ്പാക്കുന്ന ഈ പദ്ധതിയിലൂടെ ക്യാൻസർ സ്ക്രീനിംഗ് കൂടാതെ ബോധവത്കരണ ക്ലാസുകൾ കൂടി നടത്തുവാനാണ് ലക്ഷ്യമിടുന്നത്. പദ്ധതിയുടെ ഉദ്ഘാടനം കൊച്ചി സിറ്റി പൊലീസിന്റെ ജില്ലാ ട്രെയിനിംഗ് സെന്ററിൽ നടന്ന യോഗത്തിൽ കൊച്ചി ഡിസിപി അശ്വതി ജിജി നിർവഹിച്ചു. സമൂഹത്തിനായി രാപ്പകൽ ജാഗ്രതയോടെ ജോലി ചെയ്യുന്നതിനാൽ പലപ്പോഴും സ്വന്തം ആരോഗ്യം കൃത്യമായി ശ്രദ്ധിക്കാത്തവരാണ് പോലീസുദ്യോഗസ്ഥർ. വിഗാർഡ് നടപ്പാക്കിയിരിക്കുന്ന ക്യാൻസർ ഷീൽഡ് പൊലീസ് ഉദ്യോഗസ്ഥരുടെ ആരോഗ്യം മെച്ചപ്പെടുത്തുവാൻ സഹായകമായ മികച്ച ഒരു പദ്ധതിയാണെന്ന് ഡിസിപി അശ്വതി ജിജി പറഞ്ഞു. കേരള പൊലീസിന്റെ സമാനതകളില്ലാത്ത അവിശ്രമ സേവനത്തിന് കൃതജ്ഞതാസൂചകമായാണ് വിഗാർഡ് ഈ പദ്ധതി അവതരിപ്പിച്ചിരിക്കുന്നതെന്ന് വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മിഥുൻ കെ ചിറ്റിലപ്പള്ളി പറഞ്ഞു. കൃത്യമായ പരിശോധനകളുടെ പ്രാധാന്യം, രോഗ സാധ്യത കുറയ്ക്കുവാൻ സാധിക്കുന്ന ആരോഗ്യ ശീലങ്ങൾ തുടങ്ങിയവയ്ക്കാണ് ക്യാൻസർ ഷീൽഡ് എന്ന ഈ പദ്ധതിയിലൂടെ ഞങ്ങൾ പ്രധാനമായും ഊന്നൽ നൽകുന്നതെന്ന് ഡോ. റീനാ മിഥുൻ ചിറ്റിലപ്പള്ളി പറഞ്ഞു. രാജഗിരി ഹോസ്പിറ്റലുമായി ചേർന്ന് എറണാകുളം ജില്ലയിലെ പോലീസ് ക്വാർട്ടേഴ്സുകളിൽ സമ്പൂർണ ക്യാൻസർ പരിശോധനാ ബോധവത്ക്കരണ ക്യാമ്പുകൾ ഈ പദ്ധതിയുടെ ഭാഗമായി വിഗാർഡ് നടത്തും. ഇതിനായി മാമോഗ്രഫി, അൾട്രാ സൗണ്ട് തുടങ്ങിയ നവീന സംവിധാനങ്ങളുള്ള മൊബൈൽ മെഡിക്കൽ ബസ് ഈ ക്യാമ്പുകളിൽ സജ്ജമാക്കും. 30 മുതൽ 40 വയസ്സുവരെ പ്രായമുള്ള സ്ത്രീകൾക്ക് അൾട്ര സൗണ്ട് ബ്രസ്റ്റ് സ്കാനും, 40 വയസ്സിന് മുകളിലുള്ളവർക്ക് മാമോഗ്രാം പരിശോധനകളുമാണ് ഒരുക്കിയിരിക്കുന്നത്. കൂടാതെ സൗജന്യ ബ്ലഡ് ഷുഗർ, ബ്ലഡ് പ്രഷർ പരിശോധന, അതിവേഗത്തിലുള്ള പരിശോധനാ ഫലങ്ങൾ, ആവശ്യമായവർക്ക് തുടർ ചികിത്സാ നിർദേശങ്ങൾ എന്നിവയും പദ്ധതിയുടെ ഭാഗമായുണ്ടാകും. ആദ്യ ഘട്ടത്തിൽ 20 ഓളം ക്യാമ്പുകളിലായി 1000ലേറെ സ്ത്രീകൾക്ക് ക്യാൻസർ സ്ക്രീനിംഗ് നടത്തുവാനാണ് ലക്ഷ്യമിടുന്നത്. കേരള പൊലീസ് അസോസിയേഷൻ ജില്ലാ സെക്രട്ടറി വിനോദ് പി. വർഗ്ഗീസ്, കേരള പൊലീസ് ഓഫീസേഴ്സ് അസോസിയേഷൻ വൈസ് പ്രസിഡന്റ് എൻ.വി നിഷാന്ത്, രാജഗിരി ആശുപത്രി അഡ്മിനിസ്ട്രേഷൻ ഡയറക്ടർ ഫാദർ ജോയ് കിളിക്കുന്നേൽ സിഎംഐ, ഡോ. റീനാ മിഥുൻ ചിറ്റിലപ്പള്ളി തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.

# എഐ വിപ്ലവം: കൈകോർത്ത് റിലയൻസും ഗൂഗിളും

**കൊച്ചി/മുംബൈ:** ഇന്ത്യയിലുടനീളം ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) വിപ്ലവം ത്വരിതപ്പെടുത്തുന്നതിനായി റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡും ഗൂഗിളും ചേർന്ന് വിപുലമായ പങ്കാളിത്തം പ്രഖ്യാപിച്ചു റിലയൻസിന്റെ 'എഐ എല്ലാവർക്കും' എന്ന കാഴ്ചപ്പാടിന് അനുസൃതമായി ഉപഭോക്താക്കളെയും, സംരംഭങ്ങളെയും, ഡെവലപ്പർമാരെയും ശാക്തീകരിക്കുന്ന പദ്ധതിയാണ് പ്രഖ്യാപിച്ചിരിക്കുന്നത്. രാജ്യത്ത് റിലയൻസിന്റെ വൻതോതിലുള്ള വ്യാപ്തിയും കണക്റ്റിവിറ്റിയും ഗൂഗിളിന്റെ ലോകോത്തര എഐ സാങ്കേതികവിദ്യയുമായി സംയോജിപ്പിക്കുന്ന പദ്ധതിയാണ് പ്രാബല്യത്തിലാകുന്നത്. റിലയൻസ് ഇന്റലിജൻസ് 1.45 ബില്യൺ ഇന്ത്യൻ ജനങ്ങൾക്ക് ഇന്റലിജൻസ് സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ മുന്നേറുകയാണ്. ഗൂഗിൾ പോലുള്ള ദീർഘകാല പങ്കാളികളുമായി ചേർന്നുകൊണ്ട്, ഇന്ത്യയെ ആർട്ടിഫിഷ്യൽ ഇന്റലിജൻസിനാൽ ശാക്തീകരിച്ച വമ്പൻ രാജ്യമാക്കി മാറ്റുകയാണ് ലക്ഷ്യമെന്ന് റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് ഡി. അംബാനി പറഞ്ഞു. ഇന്ത്യയുടെ ഭാഷാസാംസ്കാരിക വൈവിധ്യത്തെ ഉൾക്കൊള്ളുന്ന കൂടുതൽ പ്രാദേശിക എഐ അനുഭവങ്ങൾ വികസിപ്പിക്കാനുള്ള ശ്രമവും ഈ പങ്കാളിത്തം വഴി നടത്തും. ഇന്ത്യയെ ആഗോള എഐ ശക്തിയാക്കി മാറ്റാനുള്ള പ്രധാനമന്ത്രിയുടെ വീക്ഷണം നടപ്പിലാക്കുകയാണ് സഹകരണത്തിന്റെ ലക്ഷ്യം. ഇന്ത്യൻ ബിസിനസ്സുകൾക്കായി ഏലാശിശ ജ്ിലേ്യൂ്യശലെ ലഭ്യമാക്കുന്നതും പദ്ധതിയുടെ പ്രത്യേകതയാണ്.

# ഡിജിറ്റൽ തട്ടിപ്പിന് എതിരെ ബോധവൽകരണവുമായി എച്ച്ഡിഎഫ്സി

**കൊച്ചി:** ഡിജിറ്റൽ തട്ടിപ്പിനെതിരെ ബോധവൽക്കരണവുമായി എച്ച്.ഡി.എഫ്.സി ബാങ്ക്. ഡിജിറ്റൽ തട്ടിപ്പിന് ഇരയായാൽ ഉടൻ തന്നെ 1930 എന്ന ഹെൽപ്‌ലൈൻ നമ്പറിൽ വിളിച്ച് ഉപഭോക്താക്കൾ പരാതി നൽകണം, ഒപ്പം വ്യക്തികൾ തങ്ങളുടെ അക്കൗണ്ടിൽ നടന്ന അനധികൃത ഇടപാടുകൾ ഉടൻ അതത് ബാങ്കുകളെ അറിയിക്കുകയും, ഭാവിയിലുള്ള നഷ്ടങ്ങൾ തടയാനായി കാർഡുകൾ, യു പി ഐ, നെറ്റ് ബാങ്കിംഗ് തുടങ്ങിയ പേയ്മെന്റ് ചാനലുകൾ ബ്ലോക്ക് ചെയ്യുകയും വേണം കൂടാതെ മൊബൈൽ/ടാബ്‌ലെറ്റുകൾ/ലാപ്ടോപ്പുകൾ എന്നിവ പൂർണ്ണമായും വൈപ്പ് ചെയ്യുകയും, എല്ലാ കുക്കീസും നീക്കം ചെയ്യുകയും, നെറ്റ് ബാങ്കിംഗ്/ഉപകരണ പാസ്‌വേഡുകൾ റീസെറ്റ് ചെയ്യുകയും വേണമെന്നും ബാങ്ക് അധികൃതർ പറഞ്ഞു.

# എൽഐസി മ്യൂച്വൽ ഫണ്ട് കൺസംപ്ഷൻ ഫണ്ട് ഇറക്കുന്നു

**കൊച്ചി:** രാജ്യത്തെ പ്രധാന ഫണ്ട് ഹൗസുകളിലൊന്നായ എൽഐസി മ്യൂചൽ ഫണ്ട് ഉപഭോഗം ലക്ഷ്യമാക്കിയുള്ള ഓഹരികളിൽ നിക്ഷേപിക്കുന്ന കൺസംപ്ഷൻ ഫണ്ട് പുറത്തിറക്കുന്നു. പദ്ധതിയുടെ പുതിയ ഫണ്ട് ഓഫർ (എൻഎഫ്ഒ) ഒക്ടോബർ 31 നു തുടങ്ങി നവംബർ 14ന് അവസാനിക്കുകയും തുടർച്ചയായ വിൽപനയ്ക്കും വാങ്ങലിനുമായി നവംബർ 25 മുതൽ വീണ്ടും ആരംഭിക്കുകയും ചെയ്യും. പുതിയ ഫണ്ട് ഓഫറിന് അപേക്ഷിക്കാനുള്ള കുറഞ്ഞ തുക 5000 രൂപയും ഒരു രൂപ ചേർത്തുള്ള അതിന്റെ ഗുണിതങ്ങളുമായിരിക്കും. പ്രതിദിന എസ്ഐപിയുടെ കുറഞ്ഞ വിഹിതം 100 രൂപയും പ്രതിമാസ എസ്ഐപി 200 രൂപയും കുറഞ്ഞ പാദവാർഷിക എസ്ഐപി 1000 രൂപയുമാണ്. പദ്ധതി പുനരാരംഭിക്കുന്ന തിയതിക്കു ശേഷമായിരിക്കും എസ്ഐപി തുടങ്ങുന്ന തിയതി കണക്കാക്കുക. വരും വർഷങ്ങളിൽ രാജ്യത്ത് വൻതോതിലുള്ള ഉപഭോഗ വളർച്ചയുണ്ടാവുമെന്നു പ്രതീക്ഷിക്കുന്നതിനാലാണ് പുതിയ കൺസംപ്ഷൻ ഫണ്ട് ആരംഭിക്കുന്നതെന്ന് എൽഐസി മ്യൂചൽ ഫണ്ട് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ ആർ കെ ഝാ പറഞ്ഞു.

